# തുഞ്ചത്തെഴുത്തച്ഛൻ

| പുസ്തകം 11 | 1961 മാർച്ച് | ലക്കം 11 |
|---|---|---|

## പ്രാർത്ഥന

ഇക്കണ്ടവിശ്വമതു മിന്ദ്രാദിദേവകളു-
മർക്കേന്ദുവഹ്നികളുമൊന്നൊടൊപ്പം ത്രിമൂർത്തികളും
അഗ്രേവിരാട്പുരുഷ! നിന്മൂലമക്ഷരവു-
മോർക്കായ്വരേണ മിഹ നാരായണായ നമഃ

— * —

24 APR 1961

## ആചാര്യസൂക്തികൾ

### ദുർമ്മോഹം അരുതു്

നാദഭേദംകേട്ടു മോഹിച്ചു ചെന്നു ചെ-
ന്നാധിമുഴുത്തു മരിക്കും മൃഗാകുലം
അഗ്നിയെക്കണ്ടു മോഹിച്ചു ശലഭങ്ങൾ
മഗ്നരായഗ്നിയിൽ വീണു മരിക്കുന്നു.
മത്സ്യങ്ങളും രസത്തിങ്കൽ മോഹിച്ചു ചെ-
ന്നത്തൽപ്പെടുന്നു ബളിശംഗ്രസിക്കയാൽ
ആഗ്രഹമൊന്നിങ്കലേറിയാലാപത്തു
പോക്കുവാനാവതല്ലാതവണ്ണം വരും

.... .... .... ....

ഇന്ദ്രിയഗ്രാമം ജയിച്ചിരിക്കുന്നവ-
നൊന്നുകൊണ്ടും വരാന്നൊരാപത്തുകൾ
നല്ലതല്ലെന്നങ്ങറിഞ്ഞിരിക്കെ ബലാൽ
ചെല്ലുമൊന്നിങ്കലൊരുത്തനഭിരുചി
പൂർവ്വജന്മാർജ്ജിതവാസനയാലതി
നാവതില്ലേതുമതിൻ വശനായ്വരും
എന്നാലതിങ്കൽ നിന്നാശു മനസ്സിനെ
തന്നുടെ ശാസ്ത്രവിവേകോപദേശങ്ങൾ
കൊണ്ടു വിധേയമാക്കിക്കൊണ്ടിരിപ്പവ-
നുണ്ടോ ജഗത്തിങ്കലാരാനുമോർക്കനീ!

— * —

# ശ്രീരാമാനുജ പഞ്ചകം

ചെക്കാട്ടു് ശങ്കരനാരായണനെമ്പ്രാന്തിരി

1

ശ്രീഭാർഗ്ഗവക്ഷേത്ര മിതാകെയാർത്തൻ
മഹോദയത്താൽപ്പുതിയോരു മട്ടിൽ
പ്രബുദ്ധമായ്ത്തീർന്നു! ദിവ്യനാമ-
ത്തുഞ്ചത്തെയാചാര്യനു കൂപ്പുകൈകൾ.

2

രാമായണാദ്യങ്ങളമർത്ത്യവാണീ-
സ്വർദ്ധേനുഗവ്യങ്ങളജസ്രമേകി
“ഭാഷാം”ബികം പോഷണമാചരിച്ചും-
ത്തുഞ്ചത്തെയാചാര്യനു കൂപ്പുകൈകൾ

3

മായാതപത്തിൽപ്പൊരിയുന്ന പാരിൽ-
ശ്ശിഷ്യാവലീ ചന്ദനലേപനത്താൽ
അമേയമാം നിർവൃതി ചേർത്തതാം; —ര—
ത്തുഞ്ചത്തെയാചാര്യനു കൂപ്പുകൈകൾ.

4

നതിപ്രകാണ്ഡം പലതും രചിച്ചും
സ്വർഗ്ഗീയമാം രീതിയിലാലപിച്ചും
രമിച്ചഗന്ധർവ്വ വരേണ്യനാമ-
ത്തുഞ്ചത്തെയാചാര്യനു കൂപ്പുകൈകൾ.

5

ജന്മം ജഗത്സേവന പുണ്യയജ്ഞം
തുടർന്നുതാൻ പാവനമാക്കിനീക്കി
അഭൌമമാം വെൺമകളാർന്നതാം; —ര—
തുഞ്ചത്തെയാചാര്യനു കൂപ്പുകൈകൾ.

# ഒരു മഹോത്സവം

*കുഴൽമന്ദം സി. എ. സെക്കണ്ടറി സ്കൂളിലെ സമ്മാനദാനം*

ഒരു മഹോത്സവം തന്നെയായിരുന്നു 1961 ഫെബ്രുവരി 20-ാംനു- തിങ്കളാഴ്ച കുഴൽമന്ദം സി. എ. സെക്കണ്ടറി സ്കൂളിൽ വെച്ച് കേരള വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. എൻ. ചന്ദ്രഭാനു ഐ. എ. എസ്സ്. അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ കൊണ്ടാടിയ പതിനൊന്നാമത്തെ സമസ്തകേരള തുഞ്ചൻ സ്മാരകപ്രബന്ധമത്സരപ്പരീക്ഷയിലെ ട്രോഫി സ്ഥിരപ്പെടുത്തലും സമ്മാനദാനവും. ബഹുമുഖങ്ങളായ അനേകം അടിയന്തര കാര്യങ്ങൾ നിൎത്തിവെച്ച്, തലസ്ഥാനത്തു് നിന്നു് ഇത്രയും ദൂരം സഞ്ചരിച്ചുവന്നു് ഈ പുണ്യകർമ്മം സസന്തോഷം നിർവ്വഹിച്ച ആ വിദ്യാചാര്യന്നു് വിദ്യാൎത്ഥികളുടെ അഭ്യുദയത്തിലും നന്മയിലും എത്രമാത്രം അഭിലാഷമുണ്ടെന്നു് ഈ സദ്പ്രവൃത്തി തെളിയിക്കുന്നു.

കൃത്യം അഞ്ചുമണിക്കു് സ്ഥലത്തെത്തിയ ഡയറക്ടരെ പടിക്കൽവെച്ച് സ്കൂൾ മാനേജർ സ്വാഗതമോതി സ്വീകരിച്ച് ഹെഡ്മാസ്റ്റർ മുതലായവരെ പരിചയപ്പെടുത്തി. അനന്തരം ഡയറക്ടർ എൻ. സി. സി. ക്കാരുടെ അഭിവാദ്യം സ്വീകരിച്ച് ഒരു ഘോഷയാത്രയോടുകൂടി സ്കൂൾ ഭാരവാഹികൾ തയ്യാർ ചെയ്തിട്ടുള്ള ശാസ്ത്ര, സാമൂഹ്യ, സാഹിത്യാദി പ്രദർശനം നടന്നുകണ്ടു. വിദ്യാൎത്ഥികളുടെ കരകൌശലത്തെ അത്യത്ഭുതപൂർവ്വം വീക്ഷിച്ച് അതീവ സന്തുഷ്ടനായി. സ്കൂൾ കെട്ടിടങ്ങളെല്ലാം പരിശോധിച്ച് വിഭവസമൃദ്ധമായ ചായസല്ക്കാരത്തിൽ പങ്കുകൊണ്ടു. അനന്തരം കൂടിയ സദസ്സിൽ പ്രാൎത്ഥനക്കു് ശേഷം കർണ്ണാനന്ദകരമായ വിധം രണ്ടു് ബാലികമാർ തുഞ്ചത്തെഴുത്തച്ഛനെ സ്തുതിച്ചുപാടി. (കഴിഞ്ഞലക്കത്തിലെ ഗുരുപഞ്ചകം) ഹെഡ്മാസ്റ്റർ സ്കൂൾ പ്രവൎത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുവായിച്ചു തദാനന്തരം തുഞ്ചത്തെഴുത്തച്ഛൻ മാസികം സിക്രട്ടറി മാസികപ്രവൎത്തനത്തേയും, വിദ്യാൎത്ഥിലോകത്തിന്റെ അഭ്യുന്നതിക്കുവേണ്ടി മാസികം ഭാരവാഹികൾ അക്ഷീണം നിഷ്കാമമായി പ്രവൎത്തിച്ചുവരുന്ന നാനാ പരിശ്രമങ്ങളേയും പററി സംസാരിച്ചു. ഡയറക്ടർ അവർകൾ 22-9-1960-ൽ No. J. 3. 103076/60 നമ്പറായി "എല്ലാം സ്കൂളുകാരും തുഞ്ചത്തെഴുത്തച്ഛൻ മാസികത്തിന്റെ വരിക്കാരായിരിക്കേണ്ടതാണെ"ന്നു് പുറപ്പെടുവിച്ചിട്ടുള്ള കല്പനയിൽ "Subject to the availability of funds" എന്ന ഭാഗം ഉപകാരത്തേക്കാൾ അധികം ഉപദ്രവകരമായിട്ടാണനുഭവപ്പെട്ടിട്ടുള്ളതു് എന്നും അതിന്നു് വല്ല പരിഹാരവും ഉണ്ടാക്കിത്തരേണമെന്നും ഹൃദയവേദനയോടുകൂടി അപേക്ഷിച്ചു.

പ്രബന്ധമത്സരപരീക്ഷയിൽ മൂന്നുകൊല്ലം തുടൎച്ചയായി ഒന്നാംക്ലാസ്സിൽ പ്രശസ്തമായി വിജയിച്ചിട്ടുള്ളതിന്നുള്ള കമനീയമായ "തുഞ്ചൻ സ്മാരക" ട്രോഫി സ്ഥിരപ്പെടുത്തിയതാണു് പിന്നത്തെ ചടങ്ങു്. ഡയറക്ടർ അവർകൾ

സന്തോഷത്തോടുകൂടി ട്രോഫി സ്കൂൾ ലീഡർവശം അർപ്പിച്ചതിനെ വിനയാദരപുരസ്സരം സ്കൂളിനുവേണ്ടി ആ കുട്ടി ഏററുവാങ്ങി വന്ദിച്ചു ഉടനെ അതിനെ ഹെഡ്മാസ്റ്ററുടെ പാദാന്തികത്തു വെച്ചു നമസ്കരിച്ചു. ആ ഒരു കാഴ്ച സർവ്വരേയും പുളകംകൊള്ളിക്കുകതന്നെ ചെയ്തു. അനന്തരം മത്സരത്തിൽ വിജയികളായവക്കുള്ള സമ്മാനദാനം നടത്തി. 168 കുട്ടികൾക്കു 200ക.യിലേറെ വിലയുള്ള പുസ്തകങ്ങളും സർട്ടിഫിക്കററുകളും പ്രദാനം ചെയ്തു. പ്രോത്സാഹജനകമായ പുഞ്ചിരിയോടുകൂടി ഡയറക്ടർ ഓരോ കുട്ടിക്കും ഹസ്തദാനം ചെയ്തു സമ്മാനം നല്കിയ ആ കാഴ്ച ആ വമ്പിച്ച സദസ്സിനെ ആകമാനം കോരിത്തരിപ്പിച്ചു. അനന്തരം അദ്ധ്യക്ഷപ്രസംഗം. ഡയറക്ടർ അവർകളുടെ ആ പ്രസംഗം ഒന്നു കേൾക്കേണ്ടതായിരുന്നു! ഒരു ഐ. എ. എസ്സ്. ഓഫീസ്സർ മലയാളത്തിൽ പ്രസംഗിക്കയോ! അത്ഭുതം!! എന്തൊരു ശാന്തസുന്ദരമായ ശൈലി — പ്രസന്ന, പ്രൗഢ, സരസം —; പവിത്ര ഭാരതത്തിന്റെ അനശ്വരവും അമൂല്യവുമായ സംസ്കാരത്തിന്റെ ഉറവിടമായ വാത്മീകി വ്യാസപ്രഭൃതികളുടെ മഹാഗ്രന്ഥങ്ങളെ വിവരിച്ചും, ആ ഭാരതമാതാവിന്റെ അരുമ സന്താനമായ കേരളപുത്രിയുടെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കു കാരണഭൂതനായ കേരളാചാര്യൻ ശ്രീ തുഞ്ചത്തെഴുത്തച്ഛന്റെ അപദാനങ്ങളെ പ്രകീർത്തിച്ചും ലളിതകോമളമായ ഭാഷയിൽ ഗൗരവമായി ഉച്ചൈസ്തരം നിർഗ്ഗളമായി പ്രവഹിച്ച ആ വാക്ക്മധുവാസ്വദിച്ച് ആബാലവൃദ്ധം സദസ്യരും ഒരുപോലെ ആനന്ദനിമഗ്നരായി ഭവിച്ചു എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല.

സിക്രട്ടറി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞതിനെ അനുസ്മരിച്ച് "തുഞ്ചത്തെഴുത്തച്ഛൻ മാസിക ഓരോ കോപ്പിയെങ്കിലും ഓരോ സ്കൂളും ഓരോ പൊതുവായനശാലകളും അവശ്യം എടുക്കേണ്ടതാണെന്നു" ഡയറക്ടർ ഊന്നി പ്രസ്താവിച്ചു. കേവലം ഒരു മാമൂൽ മാത്രമാണ് അദ്ദേഹത്തിന്റെ കല്പനയിൽ "Subject to the availability of funds" എന്നു ചേർത്തത് എന്നും അദ്ദേഹം വ്യക്തമാക്കി. എല്ലാ സ്കൂളുകളും എഴുത്തച്ഛന്റെ പവിത്ര നാമധേയത്തിൽ നടക്കുന്ന ഈ മാസികം നിശ്ചയമായും എടുക്കുമെന്നു അദ്ദേഹം ആശംസിക്കുകയും ചെയ്തു. എന്നാൽ ഫിബ്രുവരി 23-ാംനു- വ്യാഴാഴ്ചയിലെ മാതൃഭൂമിയിൽ "തുഞ്ചത്തെഴുത്തച്ഛൻമാസിക" എന്നതിനു പകരം "അദ്ധ്യാത്മരാമായണം" എന്നു തെററായി ചേർത്തുകണ്ടു അതിനെ തിരുത്താൻ സിക്രട്ടറിയും ഹെഡ്മാസ്റ്ററും ചേന്നു പത്രത്തിലേക്കു ഒരു കുറിപ്പും അയച്ചിട്ടുണ്ട്. അദ്ധ്യാത്മരാമായണം എല്ലാവരും മനഃപ്പാഠമാക്കേണ്ട ഒരു മഹാ വിശിഷ്ടഗ്രന്ഥമാണെന്നുള്ളതിലേക്കാക്ഷേപമില്ല. എന്നാൽ ഒരു മതാതീതരാഷ്ട്രത്തിലെ വിദ്യാഭ്യാസമേലധ്യക്ഷൻ ഈ ഹിന്ദുമതഗ്രന്ഥം വിഭിന്നമതക്കാർ നടത്തുന്നതും പഠിക്കുന്നതുമായ പൊതുവിദ്യാലയങ്ങളിൽ എടുക്കുവാൻ നിർബ്ബന്ധിച്ചുവെന്നു പറഞ്ഞാൽ (മാതൃഭൂമി) ആരും വിശ്വസിക്കയില്ല. ഇതു കേവലം മതസ്പർദ്ധയെ ജനിപ്പിക്കുവാനുള്ള റിപ്പോർട്ടരുടെ ഒരു കുതന്ത്രമല്ലേ എന്നു ഞങ്ങൾ സംശയിക്കുന്നു; അതോ റിപ്പോർട്ടരുടെ വിവരക്കേടോ? ഡയറക്ടർ

അവർകൾ ഒരിക്കലും സ്കൂളിൽ "അദ്ധ്യാത്മരാമായണ പ്രചരണം" പ്രസംഗിച്ചിട്ടില്ല; അദ്ദേഹം പറഞ്ഞതെല്ലാം തുഞ്ചത്തെഴുത്തച്ഛൻ മാസികത്തെപ്പററി മാത്രമാണ്. പിന്നീടുണ്ടായ വിവിധ കലാപരിപാടികളാസ്വദിച്ച് അതീവ സന്തുഷ്ടനായി ഡയറക്ടർ അവർകൾ ടി സ്കൂളിനെപ്പററി താഴെപറയുംപ്രകാരം എഴുതി റിക്കാർട്ടാക്കി എല്ലാവരേയും അഭിനന്ദിച്ച് സദസ്സിനെ മംഗളപൂർവ്വം പര്യവസാനിപ്പിച്ചു.

"I am happy to have been able to visit this very good Institution. The good work done by the management and teaching staff of this school deserve the highest praise. I am sure this High School will maich forward to higher achievement.

Sd.

**N.CHANDRA BHANU.**

അത്യന്തം ആനന്ദകരമായ വേറൊരു സംഗതികൂടി പറയാനുണ്ട്. മററുള്ള സ്കൂളുകൾക്കെല്ലാം മാർഗ്ഗദർശിയായി പ്രബന്ധമത്സരപ്പരീക്ഷയിൽ ആദ്യം തൊട്ടുതന്നെ സജീവമായി പങ്കെടുത്തു്, തുടർച്ചയായി മൂന്നുകൊല്ലം അതിപ്രശസ്തമായി വിജയിച്ച്, ആദ്യത്തെ ട്രോഫി സ്ഥിരമായി നേടിയ സ്കൂളിന്റെ അഭിവൃദ്ധിയിൽ ഞങ്ങൾ അത്യുത്സുകരായിരിക്കുന്നതു് സ്വാഭാവികം മാത്രമാണല്ലോ. പാലക്കാട്ട് ഡിസ്ട്രിക്ടിലെ ആയക്കാട്ടുള്ള സി. എ. സെക്കണ്ടറി സ്കൂളാണിതു്. ഫെബ്രുവരി 21-ാംനു- ചൊവ്വാഴ്ച കാലത്തു് ഈ സ്കൂൾ മാനേജുമെൻറിന്റെ കീഴിലുള്ള എൽ. പി. സ്കൂളും, ഈ സ്കൂളും ഡയറക്ടർ അവർകൾ സന്ദർശിച്ച വിവരങ്ങളാണ് ആനന്ദകരമായ ആ സംഗതി.

കൃത്യം പത്തരമണിക്ക് ഡയറക്ടർ എൽ. പി. സ്കൂളിലെത്തി. ചിത്രശലഭങ്ങളെപ്പോലെ കൌതുകകരമായി വസ്ത്രധാരണം ചെയ്ത ചൊടിയേറിയ ബാലികാബാലകന്മാർ അദ്ദേഹത്തെ താലങ്ങളോടും മംഗളദ്രവ്യങ്ങളോടും കൂടി ഗേയിററിൽവെച്ച് എതിരേററ് ശാന്തസുന്ദരമായ ഗാനാലാപത്തോടുകൂടി സ്കൂളിലേക്കാനയിച്ചു. ഡയറക്ടർ സ്കൂൾ കെട്ടിടങ്ങളും, പൂന്തോട്ടവും മററു സജ്ജീകരണങ്ങളും അതികൌതുകത്തോടുകൂടി വീക്ഷിച്ച് അത്യന്തം സന്തുഷ്ടനായി ഓരോ ക്ലാസ്സും അദ്ദേഹം മന്ദംമന്ദം നടന്നു് പരിശോധിച്ചു കൊച്ചു ബാലികാബാലകന്മാർ അവരുടെ കലാപാടവം പ്രദർശിപ്പിക്കാൻ തിരഞ്ഞെടുത്ത ആ സമയം വളരെ ഉചിതമായതായിരുന്നു. ഡയറക്ടർ ഓരോ ക്ലാസ്സിൽ കടക്കുമ്പോഴും അതിലെ കുട്ടികൾ നൃത്തം, നാട്യം, കോലാട്ടം, കുമ്മി, മാപ്പിളക്കളി, ചില കൊച്ചു നാടകാഭിനയം എന്നിങ്ങനെ ഓരോന്നുകൊണ്ടു് അദ്ദേഹത്തെ വിസ്മയിപ്പിച്ചു — എന്തിനുപറയുന്നു! — അദ്ദേഹത്തിന്റെ തുറന്ന ഹൃദയത്തിൽനിന്നു് ഗുഡ്, വെരിഗുഡ്, മിടുക്കത്തികൾ എന്നിങ്ങനെ നിറഞ്ഞ അഭിനന്ദനം പ്രവഹിപ്പിച്ചു. ഈ സ്കൂളിനെപ്പററി സന്തുഷ്ടനായ ഡയറക്ടർ താഴെ പറയുംപ്രകാരം റിക്കാർട്ടാക്കി.

"I visited this Lower Primary School. It was a refreshing experience. This school buildings, premises, the garden in front, the arrangement of class rooms, maps, charts and teaching aids are excellent. The teaching staff are earnest and good. The management is sincere and efficient. I wish the school every suceess.

Sd.

N. CHANDRA BHANU.

അനന്തരം ഡയറക്ടർ സെക്കണ്ടറി സ്കൂളിലേക്കാണ് ചെന്നതു്. ഗെയിററിൽവെച്ച് സ്കൂൾ N. C. C. കാർ അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. അതു് സ്വീകരിച്ച് അദ്ദേഹവും പാർട്ടിയും സ്കൂളിലെ വിവിധ കെട്ടിടങ്ങളും അവിടെ പ്രദർശിപ്പിച്ച വിദ്യാഭ്യാസോപകരണങ്ങളും, ഓരോ ക്ലാസ്സുകളും നടന്നുകണ്ടു് പരിശോധിച്ചു. പിന്നീടു്, പതിനായിരത്തോളം ഉറപ്പിക ചിലവാക്കി കമനീയമായി ഉറപ്പിൽ കെട്ടിട്ടുള്ള "പാർവ്വതിഅമ്മാൾ സയൻസ് ബ്ളോക്ക്" (മാനേജരുടെ വന്ദ്യമാതാവിന്റെ പേരിൽ) കെട്ടിടം ഉൽഘാടനം ചെയ്തു. അവിടെ സജ്ജമാക്കിയിട്ടുള്ള വിലപിടിച്ച നാനാതരം ശാസ്ത്രീയോപകരണങ്ങൾ വീക്ഷിച്ച് അത്യന്തം സന്തുഷ്ടനായി.

സ്കൂൾ അങ്കണത്തിൽ കൂടിയ മഹാസദസ്സിൽവെച്ച് സ്കൂൾ മാനേജരും ഹെഡ്മാസ്റ്ററുമായ ശ്രീ. സി. പി. ശർമ്മ അവർകൾ ചെയ്ത വികാരതരളിതമായ പ്രസംഗം ക്ഷണനേരത്തേക്ക് സർവ്വരേയും നിശ്ശബ്ദരാക്കി. വന്ദ്യപിതാവായ വിദ്യാവിചക്ഷണൻ ശ്രീ. ചാമി അയ്യരുടെ ബാല്യകാലാവസ്ഥകളെപ്പററി — ഉച്ചഭക്ഷണം കഴിക്കുവാൻപോലും സ്ഥിതിയില്ലാതിരുന്ന ആ കാലത്തെപ്പററി — ആ പ്രിയപുത്രൻ ഗൽഗദാക്ഷരത്തിൽ വിവരിച്ചതു് ഹൃദയഭേദകമായിരുന്നു. ഈ ഒരു ചിന്തയോടുകൂടി, ഗവർമ്മേണ്ടു് സഹായം ആവശ്യപ്പെടാതെ, സ്കൂൾ മാനേജ്മെൻറിൽനിന്നുതന്നെ വിദ്യാർത്ഥികൾക്ക് സൌജന്യമായി ഉച്ചഭക്ഷണം നൽകുവാനേർപ്പാടു് ചെയ്തിട്ടുള്ള പുണ്യകർമ്മത്തിന്റെ ഉൽഘാടനവും അത്യുത്സാഹപൂർവ്വം ഡയറക്ടർ അവർകൾ തന്നെ നിർവ്വഹിച്ചു. കൊഴുത്ത കഞ്ഞിയും സ്വാദേറിയ പുഴുക്കും കുട്ടികൾക്ക് അത്യന്തം ഹൃദ്യമായിരുന്നു. ഉൽഘാടനത്തിന്നു് പ്രത്യേകമായി ശ്രീ ചാമിഅയ്യരുടെ ഗുണവതിയായ ധർമ്മപത്നിയുടെ വക പായസം ഏർപ്പാടുചെയ്തതു് ഡയറക്ടർതന്നെ കുട്ടികൾക്ക് വിളമ്പിക്കൊടുത്തു. ഹാ! — ആ പിഞ്ചുപൈതങ്ങളുടെ അപ്പോഴത്തെ ആഹ്ളാദവും, പരമാനന്ദവും അങ്ങോളം ഉയന്നുചെന്നു് ശ്രീ. ചാമി അയ്യരുടെ ആത്മാവിനെ പുളകം ചാർത്തിയിരിക്കും!! ആ പുണ്യാത്മാവു് ചെയ്ത സുകൃതം കുടുംബാംഗങ്ങളിൽ പ്രതിബിംബിക്കുന്നു! അദ്ധ്യാപകാദ്ധ്യേതാക്കൾ അഹമഹമികയാ ഈ അന്നദാനത്തിൽ ഹൃദയപൂർവ്വം സഹകരിക്കുന്നതു് അവർക്ക് സ്കൂളിനോടും മാനേജ്മെൻറിനോടുമുള്ള സ്നേഹബഹുമാനാദരങ്ങളുടെ പ്രത്യേക ചിഹ്നമാണു്.

വിദ്യാനിരതനായ ശ്രീ. ചാമിഅയ്യരുടെ അദൃശ്യമായ കാരുണ്യത്തിന്റെ ഒരു ബിന്ദു തുഞ്ചത്തെഴുത്തച്ഛൻ മാസിക പ്രവർത്തനത്തെയും പരിശുദ്ധമാക്കിട്ടുണ്ട്. പ്രബന്ധമത്സരത്തിലേക്ക് അദ്ദേഹത്തിന്റെ സ്മാരകമായി കുടുംബാംഗങ്ങൾ ഭംഗിയേറിയ ഒരു ട്രോഫി ഏർപ്പെടുത്തിയതും—സ്ത്രീവിദ്യാഭ്യാസ കാര്യത്തിൽ അതീവ ശ്രദ്ധയോടുകൂടി അദ്ദേഹത്തിന്റെ മനസ്സുപോലെ—കണ്ണൂർ ഗവർമ്മേണ്ട് ഗേൾസ് ഹൈസ്കൂൾ മൂന്നുകൊല്ലം തുടർച്ചയായി വിജയിച്ച് സ്ഥിരപ്പെടുത്തിട്ടുണ്ട് എന്ന സംഗതി ഇവിടെ സ്മരിച്ചുകൊള്ളുന്നു.

ഒരു മണിയോടുകൂടി കുടുംബാംഗങ്ങൾ നല്കിയ വിഭവസമൃദ്ധമായ സദ്യയിൽ അതിഥികളെല്ലാം ആഹ്ളാദപൂർവ്വം പങ്കെടുത്തു. സ്കൂളിനെപ്പററി ഡയറക്ടർ അവർകൾ എഴുതിവെച്ച അഭിപ്രായമാണ് താഴെ കൊടുക്കുന്നതു്.

"My visit to this High School has indeed been a pleasent experience. The spirit and sacrifice for the cause of education and a life of dedication to this and led by Sri Chami Iyer Family are most laudable and have left their imprit on this fine institution. I am particularly impressed by the excellent library. The well equipped science block which was inaugurated today is a welcome addition. This school maihtains good standards also, I wish the management, the teaching Staff and studeents every success.

Sd.
N. CHANDRA BHANU,
21—2—1961.
Director of Public Instruction.

ശ്രീ. ചാമി അയ്യരുടെ സ്മാരകമായ സ്ഥാപനങ്ങൾ, അദ്ദേഹത്തിന്റെ നിർമ്മല മനസ്സുപോലെ, ഉത്തരോത്തരം അഭിവൃദ്ധിപ്പെടുകതന്നെ ചെയ്യും.

സിക്രട്ടറി,

തുഞ്ചത്തെഴുത്തച്ഛൻ മാസികം.

# പ്രബന്ധമത്സരപ്പരീക്ഷ റിപ്പോർട്ടു്

1960 നവമ്പർ 10-ാംനു നടത്തിയ പതിനൊന്നാമത്തെ സമസ്തകേരള തുഞ്ചൻ സ്മാരക പ്രബന്ധമത്സരപ്പരീക്ഷയുടെ വിവരണങ്ങളാണു് താഴെ കൊടുക്കുന്നതു്.

ഈ വർഷം ആകെ 41 സ്കൂളുകളിൽനിന്നു് 2341 കുട്ടികൾ (1201 H. S. + 1140 U. P.) പങ്കെടുത്തു. കഴിഞ്ഞവർഷത്തെ അപേക്ഷിച്ചു് ഇതു് പ്രോത്സാഹജനകംതന്നെ; പക്ഷെ, വിദ്യാഭ്യാസകാര്യത്തിൽ ലോകത്തിലെ മുന്നണിയിൽ നില്ക്കുന്ന കേരളത്തിലെ വിദ്യാർത്ഥികളുടേയും സ്കൂളുകളുടേയും എണ്ണം നോക്കുമ്പോൾ ഇതു് കേവലം തുച്ഛമാണെന്നു് പറയാതിരിക്കാൻ തരമില്ല. "ഓരോ സ്കൂളുകളും യാതൊരു പ്രേരണയും കൂടാതെതന്നെ അഹമഹമിക്കയാ തുഞ്ചത്തെഴുത്തച്ഛൻ മാസികത്തിന്റെ വരിക്കാരായി ചേരേണ്ടതാണു്" എന്നു് നമ്മുടെ വിദ്യാഭ്യാസ ഡയറക്ടർ ഫെബ്രുവരി 20-ാംനു തിങ്കളാഴ്ച കുഴൽമന്ദം സെക്കണ്ടറി സ്കൂളിലെ സമ്മാനദാനാവസരത്തിൽ ഊന്നിപ്രസ്താവിച്ചിട്ടുണ്ടു്. (റിപ്പോർട്ടു് അന്യത്ര കൊടുത്തിട്ടുണ്ടു്) മാസികം എടുക്കുവാൻ വേണ്ട കല്പനയും അദ്ദേഹം അയച്ചിട്ടുണ്ടു്. (Ref. D. P. I's Memo No. J 3. 103076/60 dated 22-9-1960) ആർക്കും ഒരു പൈസപോലും കയ്യിൽ നഷ്ടപ്പെടേണ്ടതില്ല. വരിസംഖ്യ സ്പെഷൽഫീസ്സിൽ നിന്നു് എടുക്കാവുന്നതുമാണു്. എന്നിട്ടും മിക്ക ഹെഡ്മാസ്റ്റർമാരും ഹെഡ് മിസ്ട്രസ്സുമാരും അലസമനസ്ഥിതരായിരിക്കുന്നതു് അവരുടെ വിദ്യാർത്ഥികളുടെ നിർഭാഗ്യമെന്നേ പറയേണ്ടു. സ്കൂളുകൾ വരിക്കാരല്ലാത്തകാരണം അനേകം വിദ്യാർത്ഥികൾക്കു് മത്സരങ്ങളിലും മററും പങ്കെടുത്തു് അവരുടെ പാടവം പ്രദർശിപ്പിച്ചു് സമ്മാനം നേടുവാൻ സാധിക്കാതെ നിരാശരായി ഞങ്ങൾക്കു് എഴുതുന്നുണ്ടു്. ഈ സംഗതിയിൽ ഹെഡ്മാസ്റ്റർമാരാണു് ശ്രദ്ധിക്കേണ്ടതു്. സ്പെഷൽഫീസിൽനിന്നു് ഈ തുച്ഛമായ ആറുറുപ്പിക വരിസംഖ്യ എടുത്തുതന്നു് ഒരു വരിക്കാരായി ചേരുകയേ വേണ്ടു. കുട്ടികൾക്കാകട്ടെ, അതു് എത്ര വലുതായൊരനുഗ്രഹമായിരിക്കും! ഒരു പൊതുസ്ഥാപനത്തിൽ നിന്നുള്ള അഭിനന്ദനം സ്കൂളുകൾക്കുതന്നെ ഭൂഷണമാണല്ലോ. ഇനിയെങ്കിലും ബഡ്ജററ് തയ്യാറാക്കുമ്പോൾ ആറുറുപ്പിക വരിസംഖ്യകൂടി മറക്കാതെ ഉൾപ്പെടുത്തി വരിക്കാരായി ചേർന്നു് തങ്ങളുടെ വിദ്യാർത്ഥികളെ ഭാഗ്യവാന്മാരാക്കിത്തീർക്കുവാൻ ഓരോ ഹെഡ്മാസ്റ്റർമാരോടും ഹെഡ് മിസ്ട്രസ്സുമാരോടും അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ പതിനൊന്നുകൊല്ലവും പ്രബന്ധമത്സരപ്പരീക്ഷക്കു് വരാവുന്ന നാലഞ്ചു് വിഷയങ്ങൾ രണ്ടുമൂന്നുമാസം മുമ്പു് പ്രസിദ്ധപ്പെടുത്തി അറിയിക്കുകയായിരുന്നുവല്ലോ പതിവു്. എന്നാൽ 1961-ലെ നവമ്പർ മത്സരപ്പരീക്ഷ

മുതൽ ആ പതിവു് തുടരുന്നതല്ല. സമയത്തു് ചോദ്യംമാത്രമേ അയക്കുകയുള്ളു. മത്സരത്തിന്നു് വരാവുന്ന വിഷയങ്ങൾ 1961മേയ് മാസം മുതൽക്കുള്ള മാസികം ലക്കങ്ങളിൽ പ്രത്യേകം അടയാളപ്പെടുത്തി പ്രസിദ്ധപ്പെടുന്നതാണു്. അതിന്റെ മാതൃക ഈ ലക്കത്തിൽ കാണിച്ചിട്ടുണ്ടു്. ആ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നായിരിക്കും വരിക. ഓരോ ക്ലാസ്സിലെ ലീഡർമാർ കുട്ടി ഒന്നിന്നു് ഒരണയോ മറേറാ പിരിച്ചു് ഹെഡ്മാസ്റ്റർ മുഖേന വരിസംഖ്യ അയച്ചുതന്നാൽ ലീഡറുടെ മേൽവിലാസത്തിൽ മാസിക അയക്കുന്നതാണു്. ഒഴിവുസമയത്തു് ഒററക്കോ കൂട്ടമായോ ഇരുന്നു് വായിച്ചു് മനസ്സിലാക്കി ചർച്ചചെയ്തു് അറിവു് വർദ്ധിപ്പിക്കാൻ ഇതു് അത്യന്തം ഉപകാരമായിരിക്കും. ഇതു് കുട്ടികൾക്കു് കൂടുതൽ ജ്ഞാനപ്രദവുമായിരിക്കും. മററുള്ള വിശിഷ്ട ലേഖനങ്ങളും കവിതകളും ചെറുകഥകളും മററും വായിച്ചു് രസിച്ചു് അഭിവൃദ്ധി നേടുവാനും പര്യാപ്തമാണു്. അങ്ങനെ വരിക്കാരായിച്ചേരുന്ന ക്ലാസ്സുകൾക്കു് മത്സരപ്പരീക്ഷക്കുള്ള പ്രവേശനഫീസ്സിൽ നിന്നു് അവർ തരുന്നതിലേറെ കിഴിവും അനുവദിക്കും. ഇതു് ഞങ്ങൾക്കു് നഷ്ടമാണെങ്കിലും കുട്ടികളുടെ നന്മയെ പുരസ്കരിച്ചു് ഈ നഷ്ടം ഞങ്ങൾ സഹിക്കുന്നതാണു്. പ്രബന്ധമത്സരത്തിൽ പ്രശസ്തമായി വിജയിക്കുന്ന അർഹരായ വിദ്യാർത്ഥികളുടെ ഭാവിജീവിതം ആരോഗ്യകരമാക്കുവാനും ഞങ്ങൾ പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടു്. കഴിഞ്ഞലക്കം മാസികത്തിൽ ഇതിനെപ്പററി ഒരു വിശദീകരണം പ്രസിദ്ധപ്പെടുത്തീട്ടുമുണ്ടു്.

ഇനിയെങ്കിലും ഹെഡ്മാസ്റ്റർമാരും ഹെഡ്മിസ്ട്രസ്സുമാരും ഡയറക്ടർ പറയുംപോലെ "അഹമഹമികയാ" മാസികം വരുത്തി വിദ്യാർത്ഥികളേയും ഈ പ്രസ്ഥാനത്തേയും അനുഗ്രഹിക്കുമെന്നു് വിശ്വസിക്കുന്നു.

വിനീതവിധേയൻ,

*സിക്രട്ടറി.*

# RESULTS OF THE EXAMINATION

**State General Average 35%**

| | Name of school | Appeared | Passed | Certificate | Average % | Prize value Rs. | nP. | Remarks. |
|---|---|---|---|---|---|---|---|---|
| | **Palghat District** | | | | | | | |
| 1. | Victoria Girls H. S. Chittur— | 32 | 14 | 2 | 38 | 14 | 75 | One 1st class. |
| 2. | Govt. S. M. H. S. Tattamangalam— | 21 | 10 | ,, | 36 | 8 | 00 | |
| 3. | C. A. Sec. School Ayakad— | 14 | 6 | ... | 39 | 9 | 00 | |
| 4. | C. A. Sec. School Peruvemba— | 56 | 25 | 4 | 38 | 24 | 25 | |
| 5. | C. A. Sec. School Coyalmanom— | 271 | 168 | 31 | 46 | 202 | 50 | Six 1st class |
| 6. | H. S. Parli— | 24 | 8 | ... | 37 | 12 | 50 | |
| 7. | N. E. H. S. Alathur— | 74 | 33 | 9 | 38 | 26 | 00 | |
| 8. | H. S. Kuthanur— | 76 | 34 | 10 | 37 | 16 | 25 | |
| 9. | S. J. H. S. Puducode— | 58 | 30 | 5 | 39 | 29 | 50 | |
| 10. | Sita Ram H. S. Kunnisseri— | 93 | 47 | 12 | 39 | 37 | 50 | Two 1st class |
| 11. | Basic Trg. School for Women, Koduvayur— | 104 | 47 | 20 | 39 | 55 | 25 | |
| 12. | Desa Bandhu Sec. School, Tachambara— | 1 | ... | ... | ... | ... | ... | |
| 13. | Victory U. P. S. Puthupariyaram— | 62 | 19 | ... | 36 | 16 | 50 | |
| 14. | Middle School, Wadakkenchery— | 60 | 24 | 5 | 39 | 13 | 00 | |
| 15. | M. M. M. Basic School Koduvayur— | 131 | 55 | ... | 39 | 30 | 00 | |

| | | | | | | | |
|---|---|---|---|---|---|---|---|
| **Ottapalam District** | | | | | | | |
| 16. A. K. N. M. M. A. memmorial H. S. Katukulom | 28 | 18 | 3 | 38 | 15 | 00 | |
| 17. H. S. Shornur— | 26 | 8 | ... | 37 | 9 | 50 | |
| 18. St. Therese C. G. H.S. Shoranur | 94 | 48 | 9 | 40 | 42 | 75 | One 1st class. |
| 19. H. S. Chunangad. (Only from U. P. classes) | 13 | not valued entrance fees not remitted. | | | | | |
| **Kozikode District** | | | | | | | |
| 20. B. E. M. Girls H. S. Kozikode | 87 | 54 | 18 | 39 | 34 | 50 | One 1st class. |
| 21. M. C. C. H. S. Kozikode— | 37 | 32 | 10 | 38 | 26 | 00 | One 1st class. |
| **Malappuram District** | | | | | | | |
| 22. Girls S. S. വെട്ടത്ത് പുതിയങ്ങാടി Tirur. | 14 | 5 | ... | 37 | 8 | 75 | |
| **Tellicherry District** | | | | | | | |
| 23. Govt. Girls H. S. Cannanore | 104 | 71 | 23 | 40 | 59 | 50 | One 1st class |
| 24. Govt. Trg. School for women Cannanore— | 6 | 3 | ... | 39 | 5 | 00 | |
| 25. Govt. Sec. School for Boys Cannanore— | 87 | 45 | 11 | 38 | 31 | 25 | One 1st class |
| 26. Govt. Girls H. S. Tellicherry— | 59 | 33 | 11 | 39 | 25 | 50 | One 1st class |
| 27. H. S. Azikode.— | 90 | 53 | 21 | 39 | 39 | 75 | |
| 28. H. S. Koodali | 66 | 29 | 3 | 38 | 27 | 75 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | **Trichur District** | | | | | | | |
| 29. | Model H. S. for Boys Trichur— | 16 | 8 | 2 | 38 | 6 | 25 | |
| 30. | Model H. S. for Girls Trichur— | 47 | 26 | 2 | 38 | 17 | 50 | |
| 31. | Sacred Heart C. G. H. S. Trichur— | 29 | 19 | 4 | 37 | 19 | 50 | |
| 32. | Govt. Sec. School Varavoor— | 20 | 11 | 1 | 37 | 15 | 00 | |
| 33. | St. Mary's Convent G. H. S. Ollur— | 43 | 25 | 7 | 39 | 24 | 25 | |
| 34. | Govt. Girls H. S. Wadakancherry— | 97 | 46 | 9 | 39 | 42 | 00 | Two 1st class |
| 35. | K. N. M. H. S. Vatanapally— | 4 | 2 | — | 38 | 3 | 00 | |
| 36. | V. V. S H. S. Mannuthy— | 38 | 21 | 7 | 38 | 27 | 00 | |
| 37. | L. F. C. G. H. S. Mammiyur— | 77 | 45 | 8 | 38 | 39 | 75 | |
| 38. | H. S. Mundathicode— | 124 | 70 | 32 | 38 | 45 | 25 | |
| | **Irinjalakuda District** | | | | | | | |
| 39. | Sacred Heart C. G. H. S. Chalakudy— | 73 | 40 | 9 | 39 | 29 | 75 | Two 1st class |
| 40. | C. N. N. Girls H. S Cherp— | 56 | 34 | 5 | 38 | 31 | 75 | |
| | **Ernakulam District** | | | | | | | |
| 41. | Palace Girls H. S. Trippunithura— | 60 | 39 | 14 | 38 | 29 | 00 | |
| | Total. | 2472 | 1305 | 307 | | 1150 | 25 | |

Trophy awarded permanently to C. A. Secondary School, Coyalmannam, Palghat District. Other Tropies not awarded.

Inter-collegiate competition not conducted for want of sufficient representation.

# ആചാര്യസ്മരണ

കുമരമ്പത്തൂർ ശങ്കുണ്ണിനായർ

1

കേട്ടാൽശ്ശിരസ്സു കുനിയും വിധമത്ര കീർത്തി-
പ്പെട്ടുള്ള തുഞ്ചനുടെ പാവനജന്മഭൂമി
വെട്ടത്തുനാട്ടിനുടെ പൊന്നുപതക്കമെന്ന-
മട്ടോടനേകശതവത്സരമായ് ലസിപ്പൂ.

2

ലാളിത്യമാം ഗുണമെഴും മലയാളവാണി
കേളീരസത്തൊടു ജനിച്ചുവളർന്ന ദേശം
രാമായണാദിമഹനീയപുരാണകാവ്യ-
സ്തോമങ്ങൾ പാടിയൊരു പൈങ്കിളിതൻ നികുഞ്ജം.

3

പഞ്ചാര, പാലു പഴമെന്നിവയുണ്ടു നന്നായ്
നെഞ്ചം തെളിഞ്ഞു പല സൽക്കവനങ്ങൾ പാടി
പിഞ്ചായ കൈരളിയെയൂട്ടി വളർത്തിയോര—
തുഞ്ചൻപറമ്പിലെ ശുകോത്തമ, താൻ ജയിപ്പൂ.

4

ആരോമലാമതിയ തായ്മൊഴിയാൾക്കനർഘ—
ശ്രീരാജിതം കൃതിവിഭൂഷണജാലമേകി
പോരായ്മതീർത്ത ഗുരുനാഥനെഴും വിശിഷ്ട—
നാരായമേ, തവ യശസ്സുയരുന്നു മേന്മേൽ.

5

ഭക്തിപ്രധാന കവിതാമൃത ഗാനകാവ്യം
മുക്തിപ്രദം ഗുരുവരൻ വിരചിച്ചതെല്ലാം
വെ,ച്ചുള്ള ഹൈന്ദവ ഗൃഹത്തിലുമെന്നുമെന്നു—
മർച്ചിയ്ക്കുകെന്ന പതിവിന്നൊരു ഹാനി പറ്റാ.

# ഈശ്വരവിലാസം

തുടർച്ച

ക. ജനാർദ്ദനൻതമ്പാൻ

ഈശ്വരഭജനം ചെയ്യുന്നവരെ നാലുമാതിരിക്കാരായി വേർതിരിച്ചിട്ടുണ്ടു് ഗീതയിൽ ഭഗവാൻ. അവരിൽ അത്യുത്തമഭക്തനെ "ജ്ഞാനീത്വാത്മൈവമേ മതം" എന്നു ഭഗവാൻ തന്നോടു് സദൃശനായി അംഗീകരിക്കുന്നു. എന്നാലാ ഭക്തനു് ആ നില സിദ്ധിച്ചതു് പെട്ടെന്നല്ല, വല്ല ഭാഗ്യത്താലുമല്ല, മററാരുടെയെങ്കിലും സാഹായ്യത്താലുമല്ല. അയാളുടെതന്നെ സ്വന്തം പ്രയത്നങ്ങളുടെ ഫലമാണതു് — "അനേക ജന്മസംസിദ്ധഃ". അതാണു് ഭഗവാനു് അയാളിൽ അത്ര സന്തോഷം. "ശ്രവണം കീർത്തനം വിഷ്ണോഃ" എന്നുതുടങ്ങി "ആത്മനിവേദനം" വരെയുള്ള നവവിധ ഭക്തിസാധനകൾ ചിരകാലം നടത്തി, "അന്തഗതം പാപം" എന്നായിട്ടു് "ബഹൂനാം ജന്മനാമന്തേ ജ്ഞാനവാൻ" ആയതാണു് അയാൾ. അയാളുടെ വിവേകമിപ്പോൾ "വാസുദേവഃ സർവ്വം" എന്നായിരിക്കുന്നു. "സർവ്വദാ സർവ്വഭാവേന നിശ്ചിന്തൈർ ഭഗവാനേവ ഭജനീയഃ" എന്ന നിലയായിട്ടുള്ള അയാളെ ഭഗവാൻ സ്വസാധർമ്മ്യത്തിലംഗീകരിക്കുന്നതു യുക്തംതന്നെയല്ലേ? എന്നാൽ "ലക്ഷം മനുഷരുള്ള സദസ്സിൽ" അത്തരം അനുത്തമഭക്തിയുടെ "ലക്ഷണമുള്ളവർ ഒന്നോ രണ്ടോ" മാത്രം—"സമഹാത്മാസുദുർല്ലഭഃ" കാരണം, "മനുഷ്യാണാം സഹസ്രേഷു കശ്ചിദ്യതതിസിദ്ധയേ യതതാമപി സിദ്ധാനാം കശ്ചിന്മാം വേത്തിതത്വതഃ" എന്നു ഭഗവാൻ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ടു് ഭഗവാൻ, ആ അനന്യഭക്തിയ്ക്കു് കഴിവില്ലാത്തവരെങ്കിലും ആർത്തരായും അർത്ഥാർത്ഥികളായും മററും മുൻചൊന്നവിധം ഈശ്വരനോടുതന്നെ യാചനചെയ്യുന്ന മററു് മൂന്നു തരക്കാരെ അവഗണിക്കുന്നില്ല. പ്രത്യുത, അവരും ഉദാരന്മാർതന്നെ—"ഉദാരാസ്സർവ്വ ഏവൈതേ"—എന്നുകൂടി അവരെ അഭിനന്ദിക്കുന്നു. ഇതു് ഭഗവാന്റെ വെറും മുഖസ്തുതി പറയലല്ലാ. അവിടത്തെ ശാസ്ത്രോക്താഭിപ്രായമാണു് എന്നു്, "സമ്യഗ് വ്യവസിതോഹി സഃ"—(എന്തെന്നാൽ അവർ നല്ലവഴിക്കാണു് തിരിഞ്ഞതു്)—എന്നുള്ള സാധൂകരണം സ്പഷ്ടമാകുന്നു. കാമ്യാർത്ഥമായാലും ഒരു സർവ്വാശ്രയ സത്യസങ്കല്പത്തെ—ഒരീശ്വരനെ—വിശ്വസിക്കുകയും തൽ ഭജനത്താൽ ആത്മവിനയം ശീലിക്കുകയും ചെയ്യുന്നുണ്ടല്ലോ അവർ. നല്ലതു് ചെയ്യുന്നവർക്കു് ദുർഗ്ഗതി വരില്ല—"നഹി കല്യാണകൃത് കശ്ചിൽ ദുർഗ്ഗതിം താത! ഗച്ഛതി". ആത്മവിനയമാർന്ന ഭജനയാൽ അവർക്കു കാലക്രമത്തിൽ, "ന ജാതു കാമഃ കാമാനാ മുപഭോഗേന ശാമ്യതി" എന്ന വാസ്തവം കാണാറാവും. അപ്പോൾ നിത്യാനിത്യ വിവേകം ഉള്ളിലുദിക്കും. അങ്ങനെ ആത്മസത്യമെന്ന ഈശ്വരതത്വം അവർക്കു് ബോധിച്ചുതുടങ്ങും. ഇതെല്ലാം സ്വയമേവ സംഭവിക്കുന്നതാണു്. എന്തെന്നാൽ "ഈശ്വരഃ സർവ്വഭൂതാനാം ഹൃദ്ദേശേർജ്ജുന

തിഷ്ഠതി" എന്നാണ് പരമാർത്ഥം. എന്തുകാരണത്താലാകട്ടെ, എന്തുദ്ദേശിച്ചിട്ടുതന്നെയാകട്ടെ, ഒരു സർവ്വശക്ത സർവ്വജ്ഞ സത്യസ്വരൂപനുണ്ടെന്ന വിശ്വാസത്താൽ മാത്രം പ്രാർത്ഥന ഭജനാദികൾ ചെയ്തുകൊണ്ടിരിക്കുന്നവർക്കെല്ലാം അങ്ങനെയാണ് സദ്ഗതി. "തേഷാം ഏവാനുകമ്പാർത്ഥ മഹമജ്ഞാനജം തമഃ നാശയാമ്യാത്മ ഭാവസ്ഥോ ജ്ഞാനദീപേന ഭാസ്വതാ" അവരിലും ആത്മഭാവത്തിൽ അനുകമ്പയോടെ ഇരിക്കുന്ന ഞാൻ ജ്ഞാനദീപമായി പ്രകാശിച്ച് അവരുടെ അജ്ഞാന തമസ്സുകളെ എല്ലാം അകററുന്നു" എന്നാണ് ഭഗവദ്വചനം. അപ്പോൾ അവരുടെ അതുവരെ ബാധിച്ചിരുന്ന ബഹുവിധ ആർത്തി ഭീതിമോഹങ്ങൾ നിശ്ശേഷം തിരോഭവിക്കും. ഇപ്പോൾ അവരുടെ ഈശ്വരപ്രാർത്ഥനയിലെ യാചനാസ്വഭാവത്തിനും അത്ഭുതാവഹമായ ഒരു മാററം വരുന്നതു് കാണാം:— "മുകുന്ദ! മൂർദ്ധ്നാ പ്രണിപത്യയാചേ ഭവന്തമേകാന്തമിയന്തമർത്ഥം അവിസ്മൃതിഃ ത്വച്ചരണാരവിന്ദേ ഭവേ ഭവേ മേഽസ്തു ഭവൽ പ്രസാദാൽ" എന്ന ഒരു അനവദ്യയാചനയാവും അതു്. അത്രയുമല്ലാ, "ന ത്വഹം കാമയേ രാജ്യം ന സ്വർഗ്ഗം നാഽപുനർഭവം കാമയേ ദുഃഖതപ്താനാം പ്രാണിനാ മാർത്തിനാശനം" എന്നു് കേവലം പരാർത്ഥമാകും അവരുടെ സകാമ പ്രാർത്ഥനപോലും. മാത്രമല്ലാ, (ഗാന്ധിജി പറഞ്ഞപോലെ) വാങ്മയ പ്രാർത്ഥനതന്നെ ആവശ്യമില്ലാത്തവിധം, "മന്നിങ്കൽ വന്നിഹ പിറന്നന്നുതൊട്ടു് പുനരന്നോളം വാങ്മനമി ദേഹങ്ങൾ ചെയ്തതും എന്തിന്നിമേലിലതുമെല്ലാം നിനക്കു് ഏദിസന്തോഷമായ് വരിക നാരായണായ നമഃ" എന്നും, സത്യം വദാമി മമമിത്രാദിവർഗ്ഗമതു മർത്ഥം കളത്രഗൃഹ പുത്രാദിജാലമതും ഒക്കെ ത്വദർപ്പണമതാക്കീട്ടു ഞാനുമിഹ തൃക്കാൽക്കൽ വീഴ്വു ഹരിനാരായണായ നമഃ" എന്നും, "യാതൊന്നു കാൺമതതു നാരായണ പ്രതിമ യാതൊന്നു കേൾപ്പതതു നാരായണശ്രുതികൾ യാതൊന്നു ചെയ്‌വതതു നാരായണാർച്ചനകൾ യാതൊന്നതൊക്കെ ഹരിനാരായണായ നമഃ" എന്നും ഉള്ള ഒരു അനന്യഭക്തിയോഗമാവും അവരുടെ എന്തൊരാചരണവും. "ജ്ഞാനീത്വാത്മൈവ മേ മതം" എന്നുപറഞ്ഞ ഭഗവാൻ തന്നെയാണ് ഈ മാതിരിയുള്ള തന്റെ അനന്യഭക്തിയോഗിയെക്കുറിച്ച്, "തസ്യാഹം ന പ്രണശ്യാമി സ ച മേ ന പ്രണശ്യതി" എന്നും പ്രത്യേകം പറഞ്ഞിട്ടുള്ളതു്.

സ്നാനാദിശുദ്ധീകരണം, ഏകാദശ്യാദി വ്രതാനുഷ്ഠാനം, ക്ഷേത്രദർശനനാമജപാദി ഭഗവൽഭജനം: അമ്മട്ടിൽ ചിട്ടപ്പെട്ടുള്ള പഴയ സമ്പ്രദായത്തിൽ ഒരു ഉൾനാട്ടിൽ വളർന്നുവന്ന ഒരു മഹിളാമണി. പട്ടിണിയും പാട്ടും കൂടാതെ, അല്ലലും ഏറെയില്ലാതെ, കഴിഞ്ഞുകൂടുന്ന അവൾ എല്ലാം ദൈവാധീനം എന്നുള്ള സരളവിശ്വാസത്തിൽ പുലരുന്നു. അങ്ങനെയുള്ള ആ നാട്ടിൻപുറക്കാരിയുടെ പ്രശാന്തജീവിതത്തിലും ഒരിക്കൽ അവിചാരിതമായ ഒരത്യാപത്തു് സംഭവിക്കുന്നു. നീചബുദ്ധിയാൽ പ്രേരിതനായ ഒരുവൻ അവളെ ഭീകരമായൊരു വിപത്തിൽ തള്ളിയിട്ടു് കടന്നുപോകുന്നു. മരണത്തിന്റെ വക്ത്രത്തിലെന്നവണ്ണം ആപൽഗർത്തത്തിലാക്കപ്പെട്ട ആ സാധ്വീ സ്വാഭാവികമായി, താനത്രയും കാലം വിശ്വസിച്ചാശ്രയിച്ചുപോന്ന തന്റെ ഇഷ്ടദൈവതത്തെ വിളിച്ചു നിലവിളിക്കുകയായി. രാത്രിസമയം,

വിജനപ്രദേശം. അവൾക്കവിടെ ഒരു രക്ഷയും കാണുന്നില്ല. ഒരു രക്ഷയും ഇനി പ്രതീക്ഷിക്കാനില്ലെന്നും, കേൾപ്പോരും കേൾവിയുമില്ലാതെ, ഒരു ദുർമ്മരണമാണ് തന്നെ തുറിച്ചുനോക്കുന്നതു് എന്നും ആ ഭാഗ്യഹീനയ്ക്കു തീർച്ചപ്പെടുന്നു. എന്നാൽ ഗതികെട്ട ഈ ദുരന്തത്തിലും ശീലവതിയായ ആ ഗ്രാമീണസ്ത്രീ ജഗദീശന്റെ നീതിയേയോ കരുണയേയോ ചോദ്യം ചെയ്യുന്നില്ല. ഈശ്വരനില്ലായിരിക്കുമോ എന്നൊരു സംശയവും അവൾക്കുണ്ടാകുന്നില്ല. അവൾ തന്റെ ഭഗവാനെ പഴിക്കുന്നില്ല. അത്രയുമല്ലാ, അവൾ തന്നെ അങ്ങനെ അശരണമായ ദുരവസ്ഥയിൽ തള്ളിവിട്ട ആ പാപിയെ ശപിക്കുന്നതുമില്ല. ദുർമ്മൃത്യുസമ്മുഖയായ അവൾ തനിയേ ഓർക്കുന്നു, അവൾക്കു തനിയെ ബോധിക്കുന്നു, തന്റെ ഈ ദുരത്യയത്തിന്നു മററാരുമല്ല ഉത്തരവാദി, താൻതന്നെയാണ് എന്ന്! ഓർമ്മവെച്ച നാൾതൊട്ട് പരദ്രോഹാദിപാപങ്ങളൊന്നും അറിയച്ചലെ ചെയ്യാത്ത ആ നാടൻ നല്ലാർമണി ഓർക്കുകയാണ്, ഇതെല്ലാം തന്റെ സ്വയംകൃതാനത്ഥമാണ് എന്ന്. ഒരു നികൃഷ്ടദുഷ്ടനാണ് അപ്പാവത്തെ അങ്ങനെ ഏകാന്തവിപിനത്തിൽ ദാരുണമരണത്തിന്നു വിധേയയാക്കിവിട്ടതു് എങ്കിലും സാധുശീലയായ അവൾക്കു ബുദ്ധിതോന്നിയതു് അതു് ആ മനുഷ്യന്റെ കുററമല്ലാ, തന്റെ തെററുകളുടെ ഫലമാണ് എന്നത്രേ! അതീതജന്മങ്ങളിൽ താൻ ചെയ്തിട്ടുണ്ടാകാവുന്ന ഏതെല്ലാമോ ദുഷ്കർമ്മങ്ങളുടെ പിപാകമാണ് താനിപ്പോൾ അനുഭവിക്കുന്ന ദുരിതം.

ഹാ! എന്തൊരു മൂഢവിശ്വാസം! എന്തൊരു വിഡ്ഢിത്തം!—അല്ലേ? അതേ, ഇന്നത്തെ പുതിയ പഠിപ്പുകളും നടപ്പുകളും—നടിപ്പുകളും—നിമിത്തം നിങ്ങൾക്ക് അ വിശ്വാസമെല്ലാം വിഡ്ഢിത്തമായിത്തോന്നാം. ഇന്നത്തെ തലമുറക്കാർക്ക് തങ്ങളുടെ മൂലാവലംബങ്ങൾ പലതും അറിയാതായിട്ടുണ്ട്. വല്ലതും അറിയുന്നവരാകട്ടെ ആ മൂലങ്ങൾ മറക്കാനോ അറുക്കാനോ ആണുതാനും ബദ്ധകങ്കണരാകുന്നതു്.

ദ്യോവിലെ സൂര്യന്റെ രശ്മികൾ സ്വയം പ്രസരിച്ച് കീഴിലെ ഭൂവിലും പ്രചരിക്കുംപോലെ, ഉന്നതവേദദർശനമായ "സത്യം–ഋതം" സ്വയമേവ പ്രസരിച്ച്, പഠിപ്പും പാണ്ഡിത്യവുമൊന്നുമില്ലാത്ത നാടരിലും "നേരും–നെറിയും" എന്ന സൽബോധമായി തീർന്നിരിക്കുന്നുഎന്നു് നാം ചോട്ട് ഓർക്കുകയുണ്ടായല്ലോ. തദൈവ, ഉന്നത വേദാന്തചിന്തനത്തിലെ ദുർഗ്രഹമായ ജന്മാന്തരകർമ്മസിദ്ധാന്തം തന്നെയാണ്, ശാസ്ത്രപരിജ്ഞാനമൊന്നുമില്ലാത്ത ഗ്രാമീണരിൽപ്പോലും "വിതച്ചതുകൊയ്യും" എന്നും താൻതാൻനിരന്തരം ചെയ്യുന്നകർമ്മങ്ങൾ താൻ താനനുഭവിച്ചീടുകെന്നേ വരൂ" എന്നും മററുമുള്ള രൂപത്തിൽ രൂഢമൂലമായൊരു വിശ്വാസമായി പരിണമിച്ചിട്ടുള്ളതു്. അവനവന്റെ സുഖദുഃഖങ്ങൾക്കെന്നല്ലാ, ജനനമരണങ്ങൾക്കുകൂടി ഉത്തരവാദി അവനവൻ തന്നെയാണ്, മററാരുമല്ലാ, എന്നു് പരമ്പരയായി ഓതിക്കേട്ടു് കരുതിക്കൊണ്ടുപോരുന്നൊരു ബോധമാണതു്. സാമാന്യജനത്തിന്റെ ഈ അ-

# നാരായണീയം

എ. ആർ. മേനോൻ

## 84_ാം ദശകം

1 ഗ്രഹണസമയമേകദാ യദുക്കൾ
സ്നപനമതിന്നു സമന്തപഞ്ചകത്തിൽ
നിജവനിതകളോടു യാത്രയായീ
നഗരമതിൻ കൃതവർമ്മ കാമപുത്രർ

2 ജനതയുടെ ഹിതം നിനച്ചു തീർത്ഥേ
മുഴുകി ഭവാൻ സലിലത്തെ ശുദ്ധമാക്കി
ധനമനവധി ഭൂസുരർക്കു നൽകീ
ശമനസുതാദിയെ യത്ര കണ്ടു ചേർന്നു

3 ത്വയി ദൃഢതരഭക്ത യാജ്ഞസേനീ
തവ ദയിതാജനമൊത്തു സല്ലപിച്ചു
അവരുടെ കര പീഡന പ്രകാരം
ബഹുരസമോടവളന്യതം ശ്രവിച്ചു.

4 അഥ പശുപരുമങ്ങു വന്നതീക്ഷി-
ച്ചവരെ ഭവാൻ കുതുകേന സൽകരിച്ചു.
ചിരവിരഹമടഞ്ഞു ശോഭയറ്റ-
പ്രിയജനമൊത്തു രസാൽ നടന്നുപോയീ

5 തിരുവടിയെ നിരീക്ഷ ചെയ്തു മോദാൽ
കലഹമനഃസ്ഥിതിയറ്റു ഗോപിമാർക്കും
സ്തനപടവുമഴിഞ്ഞുപോയ് രസത്താൽ
പരിചയഹൃദ്യ കഥേ ഭവാൻ ലയിച്ചു.

---

വബോധ വിശ്വാസങ്ങളാണ് നാളിതുവരെയും നാട്ടിൻപുറജീവിതത്തെ സമഷ്ടിപരമായും വ്യഷ്ടിപരമായും സുനിയന്ത്രിതവും സുഖതരവുമാക്കിയിരുന്നത്. വ്യക്തികളെ പലതരം ചിത്തവൃത്തിവൈകൃതങ്ങളിൽനിന്ന് സംരക്ഷിച്ച് മാനസികവും ധാർമ്മികവുമായ ആരോഗ്യത്തിൽ പുലർത്തിപ്പോന്ന ഒരു അവബോധവും വിശ്വാസവുമായിരുന്നു അത്.

(തുടരും)

6 ഉടനുടനടർ വന്നുചേർന്നു കൊണ്ടാ-
ണിതുവരെ നിങ്ങളെ വേർപെടേണ്ടി വന്നു
ഇതി രമണികളെപ്പുണർന്നു രക്കെ
പരവശ രാധയലിഞ്ഞുപോയ് ഭവാനിൽ

7 വിരഹകദനം മാററി തത്വബോധം
രഹസിയവർക്കുളവാക്കി നീ കൃപാലോ
"അഹമിഹ സുഖ ചിന്മയൻ പരാത്മാ"
വിതി ഹൃദയത്തിലുദിച്ചിടേണമെന്നായ്

8 വിരഹമതിൽ സുഖക്കലപ്പ് ചേർന്നു
തവസഖിയുദ്ധവനെ ശ്രവിച്ചശേഷം
ഇതിനുപരിയവർക്കു നിൻ വിചാരം
പരമസുഖാത്മകമായി മാറി വന്നു

9 ദുരിതമൊഴിവതിന്നു ചെയ്വതെന്തെ-
ന്നഥ വസുദേവനണഞ്ഞു യോഗിമാരെ
തിരുവടി സവിധത്തിൽ കർമ്മമെന്തി-
ന്നിതി ചിരിയോടു മഖം നടത്തിവെച്ചാർ

10 ക്രതുവുമതിവിശേഷമായ് നടന്നു
സകലജനങ്ങളുമേറെ തുഷ്ടിപൂണ്ടു
തവ ബഹുമതിയേററു മൂന്നുമാസം
വ്രജപതി തത്ര വസിച്ചു പണ്ടുപോലെ

11 തിരുവടിയഥ രാധയെപ്പുണർന്നി-
ട്ടവളുടെ ഖേദമകന്നു കണ്ടു മോദാൽ
നിജനഗരമണഞ്ഞു ബന്ധുയുക്തൻ
പവനപുരേശ ! മമ മയം ഹരിക്ക

## 85-ാം ദശകം

1 ചിരം മഗധഭൂപൻ തടവിൽവെച്ചു സംക്ലിഷ്ടരാം
സഹസ്രമിരുപത്തിനോടെട്ടുശതാഷ്ടകം ക്ഷോണിപർ
ഒരുത്തനെയയച്ചു പോലഗതിപാല! നിന്നന്തികെ
ജരാ സുതവധത്തിനായാധികമെന്നു ചൊല്ലീടുവാൻ
2 രണത്തിനുതുനിഞ്ഞു നീ യഥ മവായ ശക്രാഹ്വയെ
ക്ഷണിച്ചു വിബുധർഷിയും, വിഷമമായി കാര്യദ്വയേ
അരാതിജയസാദ്ധ്യമാം ക്രതുവിലായിടാം രണ്ടുമെ-
ന്നുരച്ചു സചിവോദ്ധവൻ തദനു കണ്ടു നീ പാണ്ഡവം.
3 അജാതരിപു കല്പനക്കനുജർ ദിഗ്ജയേ നേടിനാ-
രതുല്യധനസഞ്ചയം ഭവദപാംഗസംവർദ്ധിതർ

ബൃഹദ്രഥസുതന്നു നേർ തദനു ഭീമനും പാർത്ഥനും
ഗിരിവ്രജമണഞ്ഞുതേ വരദ! ഭക്തദാസ! ത്വയാ

4 ദ്വിജോചിത സുവേഷമോടവിടെ മൂന്നുപേർ നിങ്ങളും
നൃപേന്ദ്രനോടു ഗൌരവാൽ സമരഭിക്ഷ യാചിച്ചതേ
അപകാസ്കൃതന്നു നേർ ഗതിയെയേർപ്പെടുത്തീ ഭവാൻ
കിരീടിയൊടു സാക്ഷിയായവിടെനിന്നു കോലാഹലേ:

5 മരുത്സുതനു സംജ്ഞയായ് വിടപപാടനം കാട്ടി നീ
രണോദ്ധത ജരാത്മജൻ നിധനമത്ര ചെയ്യിച്ചുപോൽ
വിമോചന, മനുഗ്രഹം, പരമഭക്തിയും, രാജ്യവും
കൊടുത്തുടനയച്ചിതാ നൃപരെ ധർമ്മരക്ഷാർത്ഥമായ്

6 നടത്തിയഥ ധർമ്മജൻ മഹിത രാജസൂയാധ്വരം
പ്രകൃഷ്ട നൃപരാണഥപാലവിടെ ഇഷ്ടരാം കിങ്കരർ
ദ്വിജാംഘ്രികഴുകിക്കലായ് പണിഭവാനു മത്യുത്ഭുതം
യുധിഷ്ഠിര മഹോദയം ജഗതി ചൊല്ലുവാനൊക്കുമോ

7 അടുത്ത സവനക്രിയക്കൊരു മഹാനെ പൂജിക്കുവാൻ
നിനച്ചു സഹദേവവാക്കനുസരിച്ചു ധർമ്മാത്മജൻ
പ്രപഞ്ചവടിവാം നിന്തിരുവടിക്കു തന്നേ മുദാ
നടത്തി സുമഹാർഹണം ഭുവനമാണ്ടു സംതൃപ്തിയിൽ

8 എണീറ്റു ശിശുപാലനും "മുനിനൃപാദിയുണ്ടാകെ യി-
ങ്ങഹന്തകലരുന്നൊരീ പശുപനേകനോ പൂജ്യനായ്"
അസഭ്യമിതുപോലുരച്ചസിയെടുത്തു ചാടീടവേ
തടുപ്പതിനു പാണ്ഡവർ ത്വരിതമെത്തി യുദ്ധോദ്യതർ

9 സ്വപക്ഷരെ വിലക്കി നീ യദുവരദാരി ചക്രത്തിനാൽ
പുരാളുവിയടുത്തിടും രിപുശിരസ്സു കൊയ്തു സ്വയം
ത്രിജഗൽപരിപാലകായാം സതതചിന്തയാൽ ശുദ്ധനാ-
മവനു ഭവദൈക്യമായ് മുനിഗണത്തിനും ദുർല്ലഭം

10 മഹാക്രതു നടന്നു നിൻ കരുണയാൽ, പിരിഞ്ഞു ജനം,
മുഴങ്ങി ജയധർമ്മജൻ ജയമുരാരിയെന്നാരവം
സുയോധനഖലൻ പരം പര വിഭൂതിയിൽ തപ്തനായ്
മയാർപ്പിത സഭാന്തരെ സ്ഥലജലഭ്രമം പൂണ്ടതേ.

11 ചിരിച്ചു പവനാത്മജൻ ദ്രുപദപുത്രിയും തത്ര നി
യപാംഗകലയാൽ കുറച്ചുള്ള വളക്കയും ചെയ്തുപോൽ
മഹീഭരമകറ്റുവാനുടനെ വിത്തുപാകി പ്രഭോ!
ജനാർദ്ദന! മരുത് പുരീ നിലയ! രോഗമാറേണമേ

— * —

# ഭർത്തൃഹരി

സി. വി. വാസുദേവഭട്ടതിരി

## നീതിസുഭാഷിതം

1 ദിക്കാലാതീത, മനന്ത–
ചിൽക്കാന്ത,ലന ഭൂതിയാൽ
ആക്ഷംവേദ്യം, ശാന്തതേജ–
സ്സാക്ഷാമൂന്നം കാമ്പിലെപ്പോഴും.

2 ബുദ്ധിമാന്മാർ മത്സരിപ്പൂ,
സ്പർദ്ധയേറും പ്രഭുക്കളിൽ,
ബുദ്ധികെട്ടോർ ശേഷമുള്ളോർ,
ബദ്ധനാശം സുഭാഷിതം.

## മൂർഖപദ്ധതി

3 അജ്ഞന്നുതുഷ്ടിയുളവാക്കുക നിഷ്പ്രയാസം
വിജ്ഞന്നു തുഷ്ടിയതിലേറെയെളുപ്പമാകാം
അല്പജ്ഞനത്യധിക ഗർവ്വം പെടുന്നമൂലം
കെല്പില്ലജന്നുമവനൊട്ടൊരു തുഷ്ടിയേകാൻ.

4 ഏറെക്ലേശമൊടാട്ടിയാൽ മണലിൽനിന്നാമെണ്ണകിട്ടീടിലാം
ഏറും ദാഹമടങ്ങിടാമൊരുവിധം കാനൽജലക്കാഴ്ചയാൽ
പാരെങ്ങും പരതീടിലോ മുയലുതൻകൊമ്പും കിടച്ചീടിലാം
പാരം ഗർവ്വിയലുന്നമൂർഖനു വരില്ലാ പ്രീതിയെന്താകിലും

5 ബലേന മണിനേടിടാം മകരവക്ത്രദംഷ്ട്രത്തിൽനി
ന്നലച്ചുതിരതല്ലിടും കടൽ കടന്നിടാമശ്രമം
മലക്കുലമതിൻവിധം തലയിലേററിടാം പാമ്പിനെ–
ജ്ജളപ്രഭു തെളിഞ്ഞിടാൻ ചരണസേവ ചെയ്തീടൊലാ

6 തേനൂറും മൊഴികൊണ്ടു മൂർഖനെയിണക്കീടാൻ കഴിഞ്ഞാകിലോ
ന്നൂനം താമരനൂലിനാൽ മദഗജം തന്നെത്തളച്ചീടായ്‌വരും
നെന്മേനിപ്പുതു പൂവിനുള്ളിതളിനാൽ വജ്രം മുറിക്കാം മുറ–
ച്ചുമ്മട്ടാഴിയിലുപ്പുനീററിൽ മധുരം തേൻതുള്ളിയാൽ ചേർത്തിടാം.

# ഭാരതസംസ്കാരം

(പ്ര. മ. പരീക്ഷക്ക വരാവുന്നതു്. H. S. Section)

*പി. കെ. ബാലകൃഷ്ണൻ, എടശ്ശേരി*

ഈ ഇരുപതാം നൂററാണ്ടിൽ ഭാരതീയാദ്ധ്യാത്മിക നഭോമണ്ഡലത്തിൽ പ്രശോഭിക്കുകയും ഹിന്ദുമതത്തിന്റെ മഹത്വം പാശ്ചാത്യർക്കുകൂടി ബോദ്ധ്യ

---

7 ബ്രഹ്മാവു താനജ്ഞത മൂടിവയ്ക്കാൻ
നിർമ്മിച്ചിതേററം ഹിതമാമുപായം
വിജ്ഞക്കു മദ്ധ്യത്തിലണഞ്ഞുമെന്നാ-
ലജ്ഞന്നു മൗനം വരഭൂഷണം താൻ.

8 അല്പജ്ഞൻ ഞാൻ ഗജംപോൽ മദതരളിതനായ് വാഴ്കയെന്നു
ള്ളിലന്നാൾ
കെല്പേറം പണ്ഡിതൻ ഞാനിതുകരുതി ഞെളിഞ്ഞേറെ ഞാൻ
ഡംഭുകാട്ടി
അല്പാല്പം പിന്നെ വിദ്വൽപ്രവരരൊടുമുറയ്ക്കൊട്ടു ഞാൻ കേട്ട
റിഞ്ഞ
നപ്പോൾ ഞാൻ മൂർഖനെന്നായ് ക്രമമൊടുമദവും പോയ് ജ്വരം
പോലൊഴിഞ്ഞു.

9 സ്വർഗ്ഗം വിട്ടഥ ഭർഗ്ഗമസ്തക, മതും കൈവിട്ടു ചെന്നദ്രിമേൽ,
തുംഗം മാമലവിട്ടു താഴ്വരയതും വിട്ടാഴി പാതാളവും
ഗംഗയ്ക്കീവിധമാമധോഗതി നിനയ്ക്കുമ്പോൾ വിവേകം വെടി-
ഞ്ഞാം ഗർവ്വേറിടുവോർക്കു നൂറുവിധമായ് നാശങ്ങളുണ്ടായ്‌വരും.

10 നാറിപ്പൂത്തു പുഴുത്തു മാംസമൊരുതെല്ലില്ലാതയസ്ഥിയൊന്നാരെ-
ല്ലേറെ പ്രീതികലർന്നു തുപ്പലൊഴുകും മട്ടിൽ കടിച്ചൂന്തിടും
പീറപ്പട്ടികളിന്ദ്രനങ്ങരികിലായ് നിന്നീടിലും കൂസുകി
ല്ലോർക്കുന്നില്ല നിജപ്രവൃത്തിയിലെഴും നിന്ദ്യത്വമാമൂഢരും.

11 തീ നീർകൊണ്ടു തടഞ്ഞിടാം വെയിൽ മുറം കൊണ്ടും മദം വാച്ചിടു-
ന്നാനയ്ക്കോ ചെറുതോട്ടി, കാള, കഴുതയ്ക്കീരണ്ടിനും പത്തലും
വ്യാധിക്കുണ്ടു മരുന്നു, വൻവിഷമതിന്നുണ്ടോർക്കിൽ മന്ത്രങ്ങളു,
ബുദ്ധിഭ്രംശമതിന്നൊഴിച്ചതിന്നഹോ ശാസ്ത്രത്തില്ലൗഷധം.

പ്പെടുത്തിക്കൊടുക്കുകയും ചെയ്ത രണ്ടു മഹാത്മാക്കളാണു സ്വാമി രാമതീൎത്ഥനും സ്വാമി വിവേകാനന്ദനും. ഈ നൂററാണ്ടിൽ ഭാരതത്തിൽ സംഭവിച്ച എല്ലാംവിധ പരിവൎത്തനങ്ങൾക്കും ഇവർ പ്രത്യക്ഷമായോ പരോക്ഷമായോ ഉത്തരവാദികളാണു്. ശ്രീ വിവേകാനന്ദനാണു് ആദ്യമായി രാഷ്ട്രീയമായ വെളിച്ചം നമുക്കു കാട്ടിത്തന്നതു്. മഹാത്മാഗാന്ധികൂടി ആ വെളിച്ചത്തിൽ നിന്നാണു് പ്രചോദനമുൾക്കൊണ്ടതും. ആധുനിക വിദ്യാഭ്യാസത്തിന്റെ ഫലമായോ എന്തുകൊണ്ടോ നമ്മുടെ പ്രാചീനവും ദിവ്യവുമായ ആൎഷഭാരത സംസ്കാരത്തോടു ഇന്നു് സാൎവ്വത്രികമായി ഒരവഗണന വളൎന്നുകൊണ്ടിരിക്കുകയാണു്. കാഴ്ചമഞ്ഞളിച്ച നാം നമ്മുടെ മുമ്പിൽ കിടക്കുന്ന അനൎഘരത്നങ്ങളെ ചവുട്ടി മാററിക്കൊണ്ടു് പാശ്ചാത്യരേയും കമ്മ്യൂണിസ്റ്റുകാരേയും ഭാഗികമായെങ്കിലും അനുകരിക്കാൻ ശ്രമിക്കുന്നു. "ദീൎഘദീൎഘമായ പ്രയാണത്തിനുശേഷം മഹത്തായ ഭാരതീയജനതയ്ക്കു് കാലത്തിന്റെ പെരുവഴിയിൽ വണ്ടികിട്ടാതെ പോയേയ്ക്കുമോ അവർ വഴി തെററിക്കപ്പെട്ടേക്കുമോ എന്നു് ഭയപ്പെടേണ്ടിയിരിക്കുന്നു. നമ്മുടെ പ്രാചീനസംസ്കാരത്തിലേക്കു് സ്വാമി രാമതീൎത്ഥന്റെ ദൃഷ്ടിയിലൂടെയുള്ള ഒരെത്തിനോട്ടമാണീലേഖനം.

സൂൎയ്യന്റെ കീഴിൽ പുത്തനായിട്ടു യാതൊന്നുമില്ല. ഉള്ളതെല്ലാം ഭാരതത്തിൽനിന്നു് ഉണ്ടായതാണെന്നു് ചരിത്രം ശരിയായി പഠിച്ചാൽ മനസ്സിലാകും. വേദങ്ങളിൽ ചിലതെങ്കിലും ക്രി. മു 8000 വർഷത്തിനപ്പുറം എഴുതപ്പെട്ടതായിരിക്കണമെന്നു് സ്വാമി രാമതീൎത്ഥൻ തന്റെ ഗവേഷണഫലമായി യുക്തിയുക്തം സ്ഥാപിച്ചിട്ടുണ്ടു്. അതിപ്രാചീനകാലത്തു് ലോകമെങ്ങും അജ്ഞാനാന്ധകാരത്താൽ തമോബാധിതമായിരുന്ന കാലത്തു് ഭാരതത്തിൽ പരിഷ്കാരസൂൎയ്യൻ കത്തിജ്വലിച്ചുകൊണ്ടിരിക്കയായിരുന്നു. അന്നു ലോകത്തിന്നു് മാർഗ്ഗദർശി ഭാരതമായിരുന്നു. യൂറോപ്യൻ സംസ്കാരം ഗ്രീസ്സിനോടു് കടപ്പെട്ടിരിക്കുന്നു. എന്നാൽ ഗ്രീസ്സിന്നു് അതിന്റെ തത്വവിജ്ഞാനം എവിടെനിന്നു കിട്ടി? അതു് ഭാരതത്തിൽ നിന്നാണു് ലഭിച്ചതു്. സോക്രട്ടീസ്, പ്ലേറേറാ, പൈത്തഗോറസ്സ് എന്നിവരുടെ തത്വവിജ്ഞാനം ഇന്ത്യൻ തത്വജ്ഞാനവുമായി താരതമ്യപ്പെടുത്തിയാൽ ഈ വസ്തുത മനസ്സിലാകും. ആത്മാവിന്റെ അനശ്വരത്വം, മനഃപരിവൎത്തനം ഇവ ഹിന്ദു തത്വശാസ്ത്രത്തിന്റെ സന്താനങ്ങളാണു്. ഹിന്ദുക്കളിൽനിന്നു് സത്യം മുഴുവൻ അവർ മനസ്സിലാക്കിയില്ല. അരിസ്റ്റോട്ടിലിന്റെ തൎക്കശാസ്ത്രം ഹിന്ദുതൎക്കശാസ്ത്രവുമായി തുലനംചെയ്താലറിയാം അവരുടെ തത്വശാസ്ത്രം എത്രമാത്രം ദോഷദൂഷിതമാണെന്നു്. ഗ്രീക്കു് തൎക്കശാസ്ത്രത്തിൽ അപഗ്രഥനം മാത്രമേയുള്ളു. നമ്മുടേതിൽ ഉൽഗ്രഥനവും അപഗ്രഥനവും ഉണ്ടു്. "ഇന്ത്യയിലെ ഹിന്ദുക്കളുടെ മഹത്തും സുവിശാലവും വ്യാപകവും ആയ തത്വജ്ഞാനപദ്ധതി ഗ്രീക്കു തത്വജ്ഞാനത്തോടു താരതമ്യംചെയ്യുമ്പോൾ ഭാരതീയ തത്വശാസ്ത്രമാകുന്ന ഉറവുസ്ഥാനത്തുനിന്നാണു് ഗ്രീക്കുകാർ അറിവുസമ്പാദിച്ചതെന്നു് വസ്തുത സ്പഷ്ടമാകുമെന്നു" വില്ല്യം ജോൺസ് വറയുന്നു.

ഇന്നു് ലോകം മുഴുവൻ പ്രചരിച്ചിട്ടുള്ള ക്രിസ്തുമതംതന്നെ എടുത്തു നോക്കാം. "പുതിയ നിയമത്തിലെ പ്രഖ്യാപനങ്ങൾ നമ്മുടെ വേദാന്ത ഗ്രന്ഥങ്ങളിലുണ്ടു്." (ഉദാ: സ്വർഗ്ഗരാജ്യം നിന്റേതാണു്). ക്രിസ്തുവിന്റെ അനുഷ്ഠാനങ്ങളും ശാസനങ്ങളും ഇന്ത്യൻ തത്വജ്ഞാനമായ വേദാന്തത്തിന്റെ മന്ദമാറെറാലി മാത്രമാണു്. ഹിന്ദുമതം ഉത്തരപക്ഷം ഉറപ്പിക്കുന്നു. എന്നാൽ ക്രിസ്തുമതം പൂർവ്വപക്ഷം ഊന്നുന്നതേയുള്ളു. അതു ചെയ്യു ഇതു ചെയ്യു എന്നിങ്ങനെ. ഉദാഹരണമായി നിങ്ങൾ നിങ്ങളെപ്പോലെതന്നെ നിങ്ങളുടെ അയൽക്കാരേയും സ്നേഹിക്കണമെന്നു് പുതിയ നിയമം അനുശാസിക്കുന്നു. എന്നാൽ നിങ്ങളുടെ ആത്മാവു് സകലതിന്റേയും ആത്മാവാണെന്നും അപ്പോൾ നിങ്ങളുടെ അയൽവാസിയുടെ ആത്മാവും നിങ്ങളുടെ സ്വന്തം ആത്മാവാണെന്നും വേദാന്തം കാര്യകാരണസഹിതം നിർദ്ദേശിക്കുന്നു. അന്ധകാരയുഗത്തിൽ യൂറോപ്പിന്റെ വ്യക്തിത്വം നഷ്ടപ്പെട്ടപ്പോൾ അവർക്കു് വെളിച്ചം കിട്ടിയതു് ഗ്രീസ്സുറോമാ സാഹിത്യത്തിൽ നിന്നാണു്. അതായതു് "റിനൈസൻസു"മൂലം: ഗ്രീസ്സുതത്വജ്ഞാനം ഉണ്ടായതു് ഇന്ത്യയിൽനിന്നാണെന്നു് ആദ്യം പറഞ്ഞുവല്ലോ. അപ്പോൾ യൂറോപ്പിന്റെ ആധുനികനവോത്ഥാനത്തിന്നു തന്നെ കാരണം പരോക്ഷമായി ഇന്ത്യയാണെന്നു വരുന്നു.

പുതിയ ലോകത്തിന്നു് വെളിച്ചം കിട്ടിയതു് ഇന്ത്യയിൽനിന്നാണു്. അമേരിക്കയിലെ നവീന ചിന്താസരണി (New thought) ക്രൈസ്തവശാസ്ത്ര (Christian Science) ബ്രഹ്മവിദ്യ, ആദ്ധ്യാത്മികമതം ഇവയെല്ലാം ശരീരത്തോടേയോ അല്ലാതേയോ വന്ന ഹൈന്ദവാചാര്യന്മാരിൽക്കൂടെയോ ഷോപ്പനോർ എന്ന പണ്ഡിതന്റെ ഗ്രന്ഥത്തിൽ കൂടിയോ ഇന്ത്യയിൽനിന്നു് ലഭിച്ചതാണു്. നവീന ചിന്താഗതിയുടെ പിതാവാണു് ഇമെഴ്സൽ. അദ്ദേഹത്തിന്റെ അദ്ധ്യാത്മിക പിതാക്കളാണു് തോറു, കാർലൈൽ എന്നിവർ. എന്നാൽ കാർലൈൽ, ഇമെഴ്സൻ, തോറു, വാൾട്ട്‌വിററർ, കാൻറ്, ഷോപ്പനോർ എന്നിവർ പ്രചോദനം നേടിയതു് വേദാന്തത്തിൻ നിന്നാണു്. "The world is will and idea" (ലോകം ഇച്ഛാശക്തിയും തത്വവും ആണു്) എന്ന ഗ്രന്ഥത്തിൽ ഷോപ്പനോർ പറയുന്നു "ലോകത്തിൽ എല്ലാംകൂടി വേദാന്തങ്ങൾ (ഉപനിഷത്തുക്കൾ) എന്റെ ജീവിതത്തിന്റെ ആശ്വാസം ആയിരുന്നു. അതു് എന്റെ മരണത്തിന്റെ ആശ്വാസവും ആയിരിക്കും." ഫ്രാൻസിലെ തത്വശാസ്ത്ര ചരിത്രകാരൻ വിക്ടർ കസിൻ പറയുന്നതു് നോക്കുക. "യഥാർത്ഥ ദൈവത്തെക്കുറിച്ചു് പുരാണ ഹിന്ദുക്കൾ അറിഞ്ഞിരുന്നു. അവരുടെ തത്വജ്ഞാനവും സിദ്ധാന്തവും വളരെ ശ്രേഷ്ഠവും, കൃത്യവും, സത്യവും ലോകോദ്ധാരകവും ആണു്. അവയുടെ മുൻപിൽ യൂറോപ്യൻ ഗ്രന്ഥങ്ങൾ, നട്ടുച്ച സൂര്യന്റെ മുമ്പിൽ സ്വർഗ്ഗത്തുനിന്നു് പ്രോമിഥ്യൂസ് മോഷ്ടിച്ചുകൊണ്ടുവന്ന ഐതിഹാസികാഗ്നിയെപ്പോലെ നിസ്സാരമായിത്തീരുന്നു." നമ്മുടെ രാജ്യം മാനവസമുദായത്തിന്റെ തൊട്ടിൽ ആണെന്നു് ഇവയിൽനിന്നു് തെളിയുമല്ലോ. മാക്സ്മുള്ളർ പറയുന്നു. "ഒരു തത്വശാസ്ത്രമോ മതമോ മനുഷ്യ

ന്റെ ഭാവിജീവിതത്തിന്നു് വേണ്ട സജ്ജീകരണം ചെയ്യാനുദ്ദേശിക്കപ്പെട്ടതാണെങ്കിൽ—ഒരു സൌഭാഗ്യജീവിതവും സൌഭാഗ്യ മരണവും കൊടുക്കുന്നതാണെങ്കിൽ—വേദാന്തത്തേക്കാൾ ശ്രേഷ്ഠതരമായ ഒരു സജ്ജീകരണം എനിക്കറിവില്ല.

യഥാർത്ഥമായ സ്ഥിതിസമത്വ (Socialist) തത്വങ്ങൾ എല്ലാം ഹിമാലയൻ സന്യാസികളിൽ പ്രകടമായി കാണുന്നുണ്ടു്. പാശ്ചാത്യരുടെ നവീനചിന്തകളെല്ലാം ഹിന്ദുക്കളുടെ പഴയപഴയ പഴഞ്ചൻ ചിന്തകളാണു്. ലോകത്തിന്നു് പ്രത്യക്ഷമായോ പരോക്ഷമായോ എല്ലാം മതങ്ങളേയും കൊടുത്തതു് ഇന്ത്യയാണു്.

എന്നാൽ വിധിവൈപരീത്യമെന്നു പറയട്ടെ സത്യത്തെ ആദ്യം പ്രസവിച്ച നാടു്, ലോകത്തിന്റെ ശിരസ്സു് ഇപ്പോൾ ദീനത്തിലാണു്. ഇടക്കാലത്തു്, തൊഴിൽവിഭജനമനുസരിച്ചുള്ള ജാതി വ്യവസ്ഥ തെററായവിധത്തിൽ ചരിച്ചു. തൊഴിലിന്നുവേണ്ടി ജാതി എന്ന നിലമാറി ജാതിക്കുവേണ്ടി മനുഷ്യൻ എന്ന നിലയായിത്തീൎന്നു. ഉപനിഷത്തുക്കളുടേയും ഉജ്ജ്വലവേദാന്തതത്വങ്ങളുടേയും അന്യൂന ശാസനങ്ങൾ ദൂരെയെറിഞ്ഞു് ഹിന്ദുമതം തീററയിലും അതു് തിന്നുന്നവിധത്തിലും, തൊട്ടുകൂടായ്മയിലും കുടുങ്ങി "അടുക്കളമതമായും" "തൊട്ടാവാടിമതമായും" കഴിച്ചുകൂട്ടി. എന്നാൽ ഈ പാപത്തിന്റെ ശിക്ഷ നാം അനുഭവിച്ചുകഴിഞ്ഞു. ഈ തെററു് നാം തിരുത്തിക്കഴിഞ്ഞു. ഐറോപ്യ വിദ്യാഭ്യാസംകൊണ്ടു് അഹങ്കാരികളും ഉദ്ധതന്മാരും ആയിത്തീരുന്ന യുവാക്കന്മാർ യൂറോപ്യൻ പ്രഫസർമാരുടെ ഗ്രന്ഥങ്ങളിൽകൂടി വേദാന്തത്തിന്റെ പ്രതിധ്വനികൾ വായിക്കുമ്പോൾ അവയെ പാശ്ചാത്യചിന്തയെന്നു് അവർ വ്യാജമായി പരിഗണിക്കുന്നു. അതിന്റെ ഭക്തിയേറിയ ആരാധകന്മാരായി ഭവിക്കുന്നു. അവൎക്കു് രസംകൊടുത്തു് ആനന്ദിപ്പിക്കുന്ന ഈ ചിന്താപ്രസ്ഥാനങ്ങൾ അവരുടെ മാതൃഭൂമിയിൽനിന്നു് പറിച്ചുനട്ടതു്—കൊണ്ടുപോയതു്—ആണെന്നു് അവർ തീരെ അറിയുന്നില്ല. മാത്രമല്ല ഈ യൂറോപ്യൻ ഗുരുക്കന്മാരുടെ കയ്യിൽ ഈ അത്ഭുത പുഷ്പങ്ങളുടെ വൈരാഗ്യമാകുന്ന, തുംഗമാകുന്ന സുമധുരസൌരഭ്യം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന പ്രതിപാദ്യമായ ഒരു ഭേദവുമുണ്ടു്. യൂറോപ്യൻ അവതരിപ്പിക്കുന്ന വേദാന്തത്തിൽ തത്വജ്ഞാനത്തിന്റെ നിറവും രൂപവും കാണപ്പെട്ടേക്കാമെങ്കിലും സാക്ഷാൽക്കാരത്തിന്റെ അനുഭൂതിയുടെ—ആസ്വാദ്യവും മനോഹരവുമായ സൌരഭ്യം അതിൽ നഷ്ടപ്പെട്ടുപോകുന്നു. അവസാനമായി സ്വാമിരാമതീൎത്ഥന്റെ ഉജ്ജ്വലമായ ഒരു പ്രസംഗശകലം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

"യാഥാസ്ഥിതികരേ, നമ്മുടെ ശാസ്ത്രങ്ങളെ പ്രബലമായി നടപ്പിൽ വരുത്തുക. കക്ശങ്ങളായ ജാതിവികാരങ്ങളെ അയച്ചുവിടുക. ഓരോരുത്തനും അവനവന്റെ സ്ഥാനത്തെത്തുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കട്ടെ. നിങ്ങളുടെ ഇഷ്ടംപോലെ തല എത്രയെങ്കിലും ഉയർത്തിപ്പിടിച്ചുകൊള്ളുവിൻ.

# ‘കാലത്തിൻെറ കോലം’

ആത്മാരാമൻ; കടമ്പനാൽ.

1

കാലംകിടന്നു കലിതുള്ളുകയാണു, കഷ്ട-
കാലം മനുഷ്യനുമുറക്കിഹ വന്നിടുന്നു,
ശീലം വെടിഞ്ഞു മനുജൻ മലിനങ്ങളാം ദു-
ശ്ശീലം വരിച്ചീലിതിലത്ഭുതമില്ലതെല്ലും.

2

ധർമ്മംവെടിഞ്ഞു ധരണീസുരരാകെനിത്യ-
കർമ്മം വെടിഞ്ഞിതര ധർമ്മമതാചരിപ്പൂ,
ശർമ്മം പെടാതെയവരേതൊരനീതിയായ
കർമ്മത്തിനും മുതിരുകിൽ ഫലമെന്തുപിന്നെ?

---

കാലുകൾ സമനിലത്തു് ഉറച്ചിരിക്കട്ടെ. മററാരുവൻ ക്ഷീണനോ കീഴ്‌വഴങ്ങുന്നവനോ ആയാലും അവൻെറ തോളിലും കഴുത്തിലും നിങ്ങളുടെ പാദം ഒരിക്കലും കയററിവെക്കരുതു്. പരിഷ്കാരപ്രിയരായ യുവാക്കളേ! ഇന്ത്യയുടെ പഴയ ആചാരങ്ങളേയും ആത്മീയതത്വത്തേയും നിങ്ങൾ നിന്ദിക്കരുതു്. പുതിയ ശബ്ദകൾ നിർമ്മിക്കുന്നതുകൊണ്ടു് ഭാരതീയരിൽ ഐക്യമത്യം കൈവരുന്നതല്ല. ഇന്ത്യയുടെ സാമ്പത്തികാധോഗതിക്കു് മഹത്തായ ഹിന്ദുമതമോ ആദ്ധ്യാത്മികതത്വമോ കാരണമല്ല. മുള്ളുവേലികളും കയ്യാലകളും പോയ്പോയതുകൊണ്ടു് തോട്ടത്തിൽ കവർച്ച നടന്നുപോയെന്നേയുള്ളു. ആ വേലികൾ ഇനിയും ഉണ്ടാക്കുവിൻ. പരിഷ്കാരത്തിൻേറയും പുരോഗമനത്തിൻേറയും വിളികൾ വിളിച്ചുകൊണ്ടും തോട്ടത്തിൻെറ നടുക്കുനില്ക്കുന്ന റോസപുഷ്പങ്ങളും വിവിധ ഫലങ്ങളും പറിച്ചുകളയാൻ തക്കവണ്ണം നിങ്ങൾ പരിഭ്രാന്തരാകരുതു്. അല്ലയോ അനുഗ്രഹീനങ്ങളായ മുള്ളും കാടും നിറഞ്ഞ വേലികളേ! നിങ്ങളാണു് ഇന്ത്യയെ കാത്തുരക്ഷിക്കുന്ന ഉന്നത ജീവിതതത്വങ്ങൾ. നിങ്ങളെയാണിന്നു് ഭാരതത്തിനാവശ്യം.” അതിദീർഘമായ ഉറക്കത്തിൽനിന്നുണർന്ന ഇന്ത്യ അവളുടെ മഹത്തായ സത്യത്തേയും സംസ്കാരത്തേയും പരിരക്ഷിച്ചുകൊണ്ടും പരിപോഷിപ്പിച്ചുകൊണ്ടും ലോകത്തിനു് വീണ്ടും മാതൃകയായിത്തീരാൻ സർവ്വശക്തൻ അനുഗ്രഹിക്കട്ടെ!

3

വാചാമഗോചര മഹസ്സകലന്ന 'ശങ്ക-
ചാര്യർ'തൻ മഹിതവംശമതിൽജ്ജനിച്ചു,
ആചാരശീലരവനീ സുരരിത്രമാത്രം
നീചാതിനീച നിലയേല്ക്കിലതെത്ര കഷ്ടം !!

4

സത്യം, അസത്യമിഹധർമ്മമധർമ്മമെന്നും
കൃത്യം അകൃത്യമിതുചെയ്യരുതാത്തതെന്നും
മത്യക്കശേഷമൊരു ചിന്തവരാതിരുന്നാ-
ലത്യന്തകഷ്ടം! ഇതിനുത്തരവാദിയാരു് ?

5

ധർമ്മത്തിലില്ല ലവലേശമൊരാസ്ഥ, നിത്യ-
കർമ്മത്തിലില്ല,—നിയമത്തിലുമില്ല നിഷ്ഠ,
ശർമ്മത്തിലില്ല ഭയ,മേതൊരനീതിയായ-
കർമ്മത്തിനും മടിനനുഷ്യനനാസ്തിയായി.

6

മാതാപിതാക്കളും, ഗുരുഭൂതർ, മഹാത്മരേവം
ഭ്രാതാക്കളെന്നിവരെയൊക്കെനാദരിച്ചു
ജേതാക്കളെന്നുസ്വയമേവനിനച്ചു, നാട്ടി-
ന്നേതാക്കളായ് വരികിലെങ്ങിനെ നേരെയാകും.

7

വാക്കും വിചാരവുമതായൊരു ബന്ധമില്ലെ-
ന്നാക്കും പ്രവൃത്തിയതിലേറെ വിരുദ്ധമായും,
ഓർക്കുമ്പോഴീവക സ്വയംകൃതമാമനർത്ഥം
തീർക്കുന്നതിന്നു വഴിയാത്മപരീക്ഷണം താൻ.

8

ധർമ്മാദിയായ പുരുഷാർത്ഥചതുഷ്ടയം, സൽ-
ക്കർമ്മാദികൊണ്ടു നിറവേററണമെന്നബോധം,
ദുർമ്മാർഗ്ഗിയാം മനുജനെന്നുവരുന്നു; അന്നേ,
നിർമ്മായമീയുലകിൽ നന്മവരുള്ളു നൂനം

9

ധർമ്മം പാലിച്ചിടുന്നോനെ
ധർമ്മം പാലിക്കുമെപ്പോഴും,
ധർമ്മദ്രോഹിയെയെന്നും
ധർമ്മം ദ്രോഹിച്ചിടും ദൃഢം.

— * —

# പുസ്തകാഭിപ്രായം

**ആനന്ദമഹാസഭ സോവിനീർ.** വില ഒരുറുപ്പിക.

*ബ്രഹ്മാനന്ദസ്വാമി ശിവയോഗി സിദ്ധാശ്രമം, ആലത്തൂർ.*

തൃശ്ശിവപേരൂരുവെച്ചു കേരളഗവർണ്ണർ ഉൽഘാടനം ചെയ്ത നാല്പത്തിമൂന്നാമത്തെ ആനന്ദമഹാസഭയുടെ സ്മാരകമായി പ്രസിദ്ധപ്പെടുത്തീട്ടുള്ളതാണ് ഈ വിശിഷ്ട പുസ്തകം. ഇതിലടങ്ങീട്ടുള്ള ലേഖനങ്ങൾ പ്രായേണ ഫലനമുള്ളതും ഏവരും വായിച്ചു മനസ്സിലാക്കേണ്ടതുമാണ്. എങ്കിൽ, ആനന്ദസഭയെപ്പററി ആരും കുററം പറയുകയില്ല; എന്നുമാത്രമല്ല അല്പം ചിലർ കുററം പറയുന്നവർക്കു സുബോധമുദിക്കുകയും ചെയ്യും. സഭയുടെ ഇന്നത്തെ പ്രസിഡണ്ടായ ശ്രീ നിർമ്മലാനന്ദസ്വാമി "ആനന്ദമഹാസഭയുടെ പ്രസിഡണ്ടിനെപ്പററി" എഴുതീട്ടുള്ള ലേഖനം സ്വാമി തിരുവടികളെപ്പററി ഒരേകദേശജ്ഞാനം നല്കുവാൻ പര്യാപ്തമാണ്. സ്വാമികളെ കാണുവാനും അവിടത്തെ അമൃതവചനം ശ്രവിക്കുവാനും ഈയുള്ളവന്നു അമ്പത്തേഴു സംവത്സരംമുമ്പുതന്നെ ഭാഗ്യം സിദ്ധിച്ചിരുന്നു. അന്നു, ഞാൻ എൻെറ പന്ത്രണ്ടാമത്തെ വയസ്സിലാണ് എൻെറ വന്ദ്യപിതാവോടൊപ്പം ആലത്തൂര് ചെന്നു സ്വാമി തിരുവടികളെ ദർശിച്ചതു്. അച്ഛൻ എന്നെ പരിചയപ്പെടുത്തിയതു ചിരിച്ചുംകൊണ്ടു് "ഇവൻ മിടുക്കനാണെങ്കിലും പഠിക്കാൻ കുറച്ചു മടിയുള്ള കൂട്ടത്തിലാണ്" എന്നു പറഞ്ഞപ്പോൾ ആ വന്ദ്യ യോഗീശ്വരൻ ചിരിച്ചു എന്നെ അടുത്തിരുത്തി വാത്സല്യപൂർവ്വം തലോടി

"അപ്പേ! നീ വിദ്യപഠിച്ചില്ലെങ്കിൽ
കുപ്പക്കു തുല്യം നീ കുഞ്ഞാ.
കുപ്പായം തൊപ്പിയുമല്ല—പിന്നെ
ഇപ്പാരിൽ ഭൂഷണം വിദ്യം" —എന്നിങ്ങനെ താരാട്ടു

പാടി താലോലിച്ചതു ഇന്നും ഈയുള്ളവൻെറ ഹൃദയത്തിൽ ശിലാരേഖ പോലെ കിടക്കുന്നുണ്ടു്. സ്വാമികളെപ്പററിയുള്ള ഞങ്ങളുടെ അഭിപ്രായം പറയുന്നതായാൽ ഒരു പുസ്തകംതന്നെ എഴുതേണ്ടിവരും. ആനന്ദമഹാസഭക്കു ഈയുള്ളവൻെറ ഹൃദയപൂർവ്വമായ പ്രണാമം.

—പത്രാധിപർ.

# കടംകഥകൾ

1. ജനിക്കുമ്പോൾ ജീവനില്ല, പിന്നെ ജീവനുണ്ട്.

2. കറുത്തിരിക്കും, കൃഷ്ണനല്ല; നാവുരണ്ടുണ്ട്, പാമ്പല്ല; ഭർത്താക്കന്മാരഞ്ചുണ്ട്, പാഞ്ചാലിയല്ല.

3. അസ്ഥിയില്ല, തലയില്ല, കൈക്കൊന്നും വിരലില്ല, അന്യന്റെ പാദംകൊണ്ട് നടക്കുന്നു, മനുഷ്യരെ വിഴുങ്ങുന്നു.

4. കണ്ണുണ്ട്, എല്ലുണ്ട്, മാംസമുണ്ട്, വെള്ളമുണ്ട്, രോമമുണ്ട്, മനുഷ്യനല്ല, മൃഗമല്ല.

5. എവിടെവിടെ നോക്കിയാലും കാലില്ലാ പന്തൽ.

ഉത്തരം അടുത്തലക്കത്തിൽ. കഴിഞ്ഞലക്കത്തിലെ ഉത്തരം.

1. കപ്പ, 2. എത്തം, 3. കപ്പക്ക, കുമ്പളങ്ങ, മത്തങ്ങ, കൈക്കോട്ട്, 4. വാഴ, 5. പാവ.

# മഹദ്വാക്യങ്ങൾ

1. മനുഷ്യരെ നന്നാക്കാൻ ശ്രമിക്കുന്നതു് പലപ്പോഴും അവരെ കൂടുതൽ വഷളാക്കാൻ മാത്രമേ ഉപകരിക്കയുള്ളു. വാസ്തവത്തിൽ മനുഷ്യരെ നന്നാക്കാനുള്ള മാർഗ്ഗം നിങ്ങൾതന്നെ നല്ല ജീവിതമാതൃകയായിരിക്കുന്നതാണ്.
(മാക്‌ഡൊണാൾഡ്)

2. സദ്യകളും സുഖവിഭവങ്ങളും കൊണ്ട് ശരീരത്തെ ആഹ്ലാദിപ്പിക്കുകയും അതേസമയം ആത്മാവിനെ പട്ടിണി ഇടുകയും ചെയ്യുന്നവൻ സ്വന്തം ഭാര്യയെ പട്ടിണിയിട്ടു് അടിമക്കു് സദ്യനൽകുന്നതിന്നു് തുല്യമാകുന്നു.
(അഡിസ്സൺ)

3. ദുർജ്ജനങ്ങൾ സ്വന്തം ദോഷങ്ങൾ കാണുന്നതിൽ കുരുടന്മാരത്രെ. എന്നാൽ അന്യരുടെ കുററം കാണുന്നതിൽ അവർക്കു് ദിവ്യചക്ഷുസ്സുണ്ട്. സ്വന്തം ഗുണം പറയുന്നതിൽ അവർ ഉച്ചഭാഷിണികളാകുന്നു പക്ഷെ മററുള്ളവരുടെ ഗുണം പറയുന്നതിൽ അവർക്കു് മൗനവ്രതമാണുള്ളതു്
(മാഘൻ)

4. നമ്മെ നമ്മിൽനിന്നും ഉയർത്തുന്ന നമ്മുടെ ഓരോ പ്രവൃത്തിയിലും, ചിന്തയിലും, വാക്കിലും സന്മാർഗ്ഗത്തിന്റെ കതിരുകളുണ്ട്.
(ബ്ലേക്ക്)

# വായന

*കുമാരി എ. കെ. രാധ, ചിററൂർ

(പ്രബന്ധ മത്സര പരീക്ഷക്കു വരാവുന്നതു്. H. S. Section)

“വിത്തമെന്തിന്നു മർത്ത്യർക്കു
വിദ്യ കൈവശമാവുകിൽ
വെണ്ണയുണ്ടെങ്കിൽ നറുനെയ്
വേറിട്ടു കരുതേണമോ” — എന്നിപ്രകാരമുള്ള വിദ്യയുടെ അനശ്വര യശസ്സ് മേഘദുന്ദുഭികളിൽനിന്നുപോലും മാറെറാലി കൊള്ളുകയാണ്; പാരാവാരത്തിലെ കല്ലോലങ്ങൾപോലും പടുപടഹം മുഴക്കുകയാണ്.

ഉത്തുംഗനഭസ്സിൽ താരാദിജ്യോതിസ്സുകളെപ്പോലും സ്വപ്രഭയാൽ അതിശയിക്കുന്ന, അനന്ത കൌമുദീകാന്തി തടവിയ മധുപീയൂഷം പൊഴിക്കുന്ന പുഷ്പമഞ്ജരിയാൽ സമലംകൃതമായ, വിദ്യാദേവിയുടെ കടാക്ഷവീക്ഷണങ്ങളാലഞ്ചിതമായ ആ വിദ്യാസാഹിത്യസാമ്രാട്ടിലേക്കുള്ള ഏക കനകശ്രേണിയാണ് വായന. ആ സാഹിത്യസാമ്രാജ്യമാകട്ടെ,

പാരാവാരപ്പരപ്പായ്, പരിലസിതപരാ-
നന്ദ സന്ദോഹസത്തായ്
പാരാകെ കേൾവികേൾക്കുംപടി പടുധിഷണാ
ശാലി സംസേവ്യമായി
പോരാടി ശ്ശാത്രവന്മാർ പ്രതിഫലരോടു കട-
ന്നാക്രമിക്കാത്തതായി
ശ്രീരാജത്താഴ്വി ജാതീയതയോടു വിജയി-
ക്കുന്നു സാഹിത്യവിശ്വം”.

സാഹിത്യാസ്വാദനമാണ് വായനയുടെ പരമകാഷ്ഠയെങ്കിലും അതുമൂലം സംജാതമാകുന്ന ഇതര ഗുണങ്ങളും ഉണ്ട്.

---

*16—8—51-ൽ നടത്തിയ ഒന്നാമത്തെ തുഞ്ചൻ സ്മാരക പ്രബന്ധമത്സരപ്പരീക്ഷയിൽ അന്നു മൂന്നാംഫാറത്തിൽ പഠിച്ചിരുന്ന ഈ വിദ്യാർത്ഥിനി, ഇരുപതുറുപ്പികക്കുള്ള ഒന്നാം സമ്മാനം നേടീട്ടുണ്ട്. ഈ ബ്രാഹ്മണ വിദ്യാർത്ഥിനി ഇപ്പോൾ കാളേജിൽ പഠിക്കുന്നു. —പ.

"നാം പുസ്തകങ്ങൾ വായിക്കുന്നതു ആഹ്ലാദത്തിനാണ്, ആഭരണത്തിനാണ്, പ്രഭാവത്തിനാണ്" എന്നു ആംഗലഗ്രന്ഥകർത്താവായ ബേക്കൺ പ്രതിപാദിക്കുന്നു.

ജീവിതായോധനത്തിൽ ചിരകാലം അടരാടി, അനന്തദുഃഖപരമ്പരകൾക്കു പാത്രീഭവിച്ച്, ഒടുവിൽ ലൌകികവിഷയങ്ങളിൽനിന്നും സങ്ക്ലിഷ്ടം ശ്രമലിപ്തംവായി വിരമിക്കുന്ന മർത്യന്നു് വായനയിൽപരം ആഹ്ലാദദായകമായിട്ടു് മറെറന്താണുള്ളതു്? വിവാദകോവിദന്മാൎക്കാകട്ടെ, വായന ഭൂഷണശ്രീ പ്രദാനംചെയ്യുന്നു. ക്ഷിപ്രം ലോപംവിനാ കാര്യസാദ്ധ്യത്തിന്നു വായന അനിവാര്യമാണ്. തന്മൂലമാണ് ചിലകാര്യങ്ങൾ—മററാൎക്കും സംസിദ്ധമല്ലാത്തതു്—അഭ്യസ്തവിദ്യന്മാൎക്കുമാത്രം സാദ്ധ്യമായി ഭവിക്കുന്നതു്.

പണ്ഡിതമൌലിയായ ബേക്കന്റെ ദ്വിതീയസൂക്തി എന്തെന്നാൽ :—

"വായന നിഷേധിക്കുവാനോ, നിരാകരിക്കുവാനോ അല്ല; വിസ്രംഭവിശ്വാസത്തിനോ, പ്രമാണീകരിക്കുവാനോ അല്ല; സ്വച്ഛസല്ലാപത്തിനോ തീവ്രവാദത്തിനോ സന്ദർഭം നല്കുവാനുള്ളതല്ല; അതു് തൂക്കിനോക്കി യുക്തിയുക്തം വിവേചനം നിൎവ്വഹിക്കുവാനാണ്."

തീക്ഷ്ണവിമൎശകരുണ്ടു്; നിർഘൃണവിമൎശകന്മാരുണ്ടു്. കേവലം ഉപേക്ഷാർഹമായ തുച്ഛവൃത്തിചലനത്തിനുപോലും ഘോരാട്ടഹാസം മുഴക്കുന്ന ദോഷാന്വേഷികൾ സുലഭമെന്നേയുള്ളു. ഹൃദ്യതയും മനോജ്ഞതയും തികഞ്ഞ ഭാഗങ്ങൾ ഉള്ളപ്പോൾ, വസന്തപാടലിയെന്നോണം മാധുര്യ്യമധു നിർഗ്ഗളിക്കുന്ന ഭാഗങ്ങൾ ഉള്ളപ്പോൾ, ഭാവനാവൈശിഷ്ട്യവും കാവ്യോൽക്കർഷതയും അസ്തമയാദിത്യന്റെ ചെഞ്ചായം സന്ധ്യാനഭസ്സിനെന്നോണം കലങ്ങിവിളങ്ങുന്ന ശ്രേഷ്ഠഭാഗങ്ങൾ എത്ര ഉള്ളപ്പോൾ, പൌർണ്ണമീചന്ദ്രബിംബത്തോടു് കേറിക്കയക്കുന്ന സ്വപ്നസൌധംപോലെ വിദ്യുദ്പ്രഭ ചിന്നുന്ന ആശയഹർമ്മ്യങ്ങളും സോൽക്കർഷം വിരാജിക്കുമ്പോൾ ഈ ദോഷദൎശികൾക്കാകട്ടെ ദോഷങ്ങൾമാത്രമേ വീക്ഷിക്കുവാൻ കഴികയുള്ളു. സൂക്തിരത്നങ്ങൾക്കു് സാഗരമായ, സൌന്ദര്യത്തിന്നു് ലലാമമായ, ആശയദ്യുതിക്കു താരാഹാരംചേൎന്ന ഇന്ദുമണ്ഡിതയായ ജാജ്വല്യ നിശാനഭസ്സിനോടുകിടയ്ക്കുന്ന ആ "ഉമാകേരള"ത്തിന്നുനേരെ, തദന്ത്യത്തിലുള്ള സാഗരവർണ്ണന കൃത്രിമവും പ്രകൃതിക്കുചേൎന്നതല്ലെന്നും കാഹളംമുഴക്കി ചന്ദ്രഹാസം ഇളക്കുന്ന ദുർവിദഗ്ദ്ധന്മാർ പ്രചുരമെന്നേ പറയുവാനുള്ളു. വായനയുടെ പ്രധാനമായ ഉദ്ദേശ്യം ദോഷവീക്ഷണമല്ലെന്നു് നാം മനസ്സിലാക്കേണ്ടതാണ്.

ഗ്രന്ഥാനുഗ്രന്ഥം വായിച്ചു് ഓരോന്നിന്റെയും അനല്പമാഹാത്മ്യം സശ്രദ്ധം സജാഗരൂകം ക്ലിപ്തപ്പെടുത്തി വായിക്കുന്നവരാണ് യഥാൎത്ഥ വായനക്കാർ. സുന്ദരരാജഹംസം വെള്ളത്തിൽനിന്നും വ്യതിരിക്തമായ പാൽമാത്രം പാനംചെയ്തു് സന്തുഷ്ടിയെ പ്രാപിക്കുന്നു.

# ലോകം അധഃപതനത്തിലേക്കോ?

പി. എസ്സ്. നായർ

## പ്രകടപ്രസംഗം

കാര്യമത്ര പ്രസക്തമായ ഒരു ചോദ്യമാണ് മേലുദ്ധരിച്ചിട്ടുള്ളത്. അതിനുത്തരം കണ്ടുപിടിക്കുക സാധാരണഗതിയിൽ അത്ര എളുപ്പമല്ല. എന്നാൽ, ഇന്നത്തെ നിലവെച്ചു് നോക്കുമ്പോൾ അതെത്രയും സരളമായിട്ടാണ് നമുക്ക് തോന്നുന്നത്. ലോകം അധഃപതനത്തിലേക്ക് അനുനിമിഷം നീങ്ങിക്കൊണ്ടിരിക്കുന്നതായി നാം കാണുന്നു. ലോകം നീങ്ങുക എന്നുവെച്ചാൽ, ഇവിടം വസിക്കുന്ന ജനങ്ങൾ നീങ്ങുകയെന്നാണർത്ഥം. അറിഞ്ഞുകൊണ്ടുള്ള ഈ പോക്ക് മനുഷ്യനെ എവിടെ എത്തിക്കും എന്നതാണ് കൂടുതൽ ഭയാനകമായിട്ടുള്ളത്. ഒരാൾക്ക് മററാരാളെ കണ്ടുകൂടാ; അയാളു

---

"പുഷ്പങ്ങൾതോറും ചെന്നു
നിത്യമുള്ളോരു മധു
ഷട്പദമതുകൂട്ടി
രക്ഷിച്ചു വർദ്ധിപ്പിക്കും"

അതുപോലെ വായനക്കാർ പുസ്തകാനുപുസ്തകം വായിച്ചു് ശ്രുതിസമ്പന്നരായിത്തീരുന്നു.

പക്ഷേ, എല്ലാം പുസ്തകങ്ങളും വായനക്ക് തുല്യാർഹങ്ങളല്ല. "ചില പുസ്തകങ്ങളെ സ്വാദുനോക്കുക മാത്രമേ ചെയ്യാവൂ. ചിലവയെ വിഴുങ്ങണം, ചിലവയെ ചവച്ചു് ദഹിപ്പിക്കണം."

പുസ്തകങ്ങളിൽ ചിലതു് ആദ്യന്തം വായന അർഹിക്കുന്നില്ല. അവയിൽ ചില ഭാഗങ്ങൾ മാത്രം വായിച്ചു് മററുള്ളവയെ കൂസലെന്യേ വർജ്ജിക്കേണ്ടതാണ്. ഇതാണ് സ്വാദുനോക്കൽ. മററു ചില പുസ്തകങ്ങൾ ആദ്യന്തം വായന അർഹിക്കുന്നു; എങ്കിലും, സൂക്ഷ്മവായന അർഹിക്കുന്നില്ല. ഇതാണ് വിഴുങ്ങൽ. വേറെ ചില പുസ്തകങ്ങളെ ആദ്യന്തം വായിക്കണമെന്നു് മാത്രമല്ല, വായിച്ചു് പഠിച്ചു് ഹൃദിസ്ഥമാക്കേണ്ടതാണ്. ഇതാണ് ചവച്ചുദഹിപ്പിക്കൽ

ബേക്കൺ പറയുംപോലെ "വായന മനുഷ്യനെ പൂർണ്ണമനുഷ്യനാക്കുന്നു; സംഭാഷണം ക്ഷിപ്രമനുഷ്യനാക്കുന്നു; രചന കൃത്യമനുഷ്യനാക്കുന്നു.

ടെ അഭിപ്രായം കേട്ടുകൂടാ; താൻ എന്തിന്നും പോന്നവനാണു്; തന്നെ ചോദ്യം ചെയ്യാൻ ഈ ലോകത്തിലാൎക്കുമധികാരമില്ല; തനിക്കു് തന്നിഷ്ടമനുസരിച്ചു് പ്രവൎത്തിക്കാം. ഇതാ, ഇതൊക്കെയാണു് ഇന്നത്തെ മനുഷ്യരുടെ അഭിപ്രായം.

നോക്കൂ, എത്ര തെററായ മാൎഗ്ഗത്തിലൂടെയാണവർ ചരിക്കുന്നതു്!

അതങ്ങിനെ. മനുഷ്യന്റെ സാംസ്കാരികാഭിവൃദ്ധിയെ ലാക്കാക്കിക്കൊണ്ടു് പ്രവൎത്തിക്കേണ്ടുന്ന സാഹിത്യവും മുൻചൊന്ന പന്ഥാവിലൂടെയാണു് ചരിക്കുന്നതു്. ഇന്നു പുറത്തിറങ്ങുന്ന മിക്ക പ്രസിദ്ധീകരണങ്ങളും കാമ്പു കുറഞ്ഞതും, അശ്ലീലപൂൎണ്ണങ്ങളുമാണു്.

എല്ലാ തുറകളിലും ഈയൊരു സംപൂൎണ്ണത ദൃഷ്ടമാകുന്നുണ്ടു്. അതിനെ ദൂരീകരിക്കുക അത്ര എളുപ്പമല്ല; എന്നാൽ, അതിനെ ദൂരീകരിച്ചേ പററൂ എന്നതാണു് വാസ്തവം. ഇല്ലെങ്കിൽ ഭീകരങ്ങളായ പലതും തരണം ചെയ്യേണ്ടതായി വരും. ആ നില കൈവരുത്തരുതു്.

ലോകം അധഃപതനത്തിലേയ്ക്കു നീങ്ങുകയാണെന്ന അഭിപ്രായത്തോടു് വിയോജിയ്ക്കുന്നവരായി നിരവധി പേരുണ്ടു്. ഇവർ തികച്ചും പുരോഗമനവാദികളാണു്. അനിയന്ത്രിതമായ സ്വാതന്ത്ര്യത്തിലാണവർ വിശ്വസിയ്ക്കുന്നതു്. എന്തും ചെയ്യാം, എന്തും പറയാം എന്ന നിലയാണവരുടേതു്. പഴമയെ തരംകിട്ടുമ്പോഴൊക്കെ ഇടിച്ചു താഴ്ത്തലാണു് ഇവരുടെ ജോലി. രണ്ടിലും പെടാതെ ഒരു മദ്ധ്യവൎത്തി എന്ന നിലയിൽ വൎത്തിയ്ക്കുവാൻ അവർ ഇഷ്ടപ്പെടുന്നില്ല.

ഇതു് ഇരുപതാം നൂററാണ്ടാണു്, ആററം യുഗത്തിലാണു് നാം ജീവിയ്ക്കുന്നതു്, മനുഷ്യമസ്തിഷ്കത്തിൽനിന്നും നൂതനങ്ങളായ പല കണ്ടുപിടുത്തങ്ങളും അനുനിമിഷം പൊട്ടിമുളയ്ക്കുന്നുണ്ടു്. അവയെല്ലാം അഭിനന്ദനാൎഹങ്ങളാണു്. അതെല്ലാം സമ്മതിച്ചു. പക്ഷെ, സാംസ്കാരമായി മനുഷ്യൻ വളരെ അധഃപതിച്ചിട്ടാണു് കാണുന്നതു്. പിന്നെ, എന്തുണ്ടായിട്ടെന്തു് ഫലം?

സ്വന്തം കാൎയ്യത്തിന്നുവേണ്ടി അന്യന്റെ കഴുത്തറക്കുവാൻ പോലും മടി കാണിക്കാത്തവരല്ലേ ഇന്നത്തെ മനുഷ്യർ! സഹോദരസ്നേഹം പോയി, സഹജീവിസ്നേഹം എന്നൊന്നെങ്കിലും അവൎക്കുണ്ടോ? സത്യം, ധൎമ്മം, അഹിംസ ഇവയൊന്നും അവൎക്കു് കേട്ടുകൂടതന്നെ.

ആകപ്പാടെ നോക്കിയാൽ, ഇന്നത്തെ മനുഷ്യന്റെ നില ലജ്ജായകമാണു്. കുടിച്ചു് മത്താടി കോലാഹലപൂൎണ്ണമായ ഒരു ജീവിതം നയിക്കണമെന്നേ അവൎക്കുദ്ദേശമുള്ളൂ. അടങ്ങിയൊതുങ്ങിക്കഴിയുക, ചിന്തിക്കുകകൂടി വയ്യ.

സ്ഥിതിഗതികൾ ഇങ്ങിനെയിരിക്കെ, ലോകം അധഃപതനത്തിലേക്കു് നീങ്ങുകയാണെന്നു് പറയുന്നതിൽ എന്താണു് തെററു്?

കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഇനി ഇവിടുന്നങ്ങോട്ടെങ്കിലും നമുക്കു് നമ്മുടെ ഭാവി ശോഭനമാക്കാൻ ശ്രമിക്കാം.

— * —